# അദ്ഭുത സത്യങ്ങൾ
സാക് പുന്നൻ

**ADBHUTASATYANGAL** (Amazing facts - Malayalam)
Zac Poonen©

Second Edition 1998

വിവർത്തനം: വർഗീസ് ഇട്ടിയവിരാ
പകർപ്പവകാശം: സാക് പുന്നൻ

ഗ്രന്ഥകർത്താവിന്റെ രേഖാമൂലമായ അനുവാദം കൂടാതെ ഈ പുസ്തകം പുനർമുദ്രണം ചെയ്യുവാനോ വിവർത്തനം ചെയ്യുവാനോ പാടില്ല. കൂടുതൽ വിവരങ്ങൾക്കു ബന്ധപ്പെടുക.

Zac Poonen,
16 Da Costa Square,
Bangalore 560084,
India

**ഉള്ളടക്കം**

| | | |
|---|---|---|
| 1 | പ്രപഞ്ചത്തെപ്പറ്റിയുള്ള അദ്ഭുതസത്യങ്ങൾ | 4 |
| 2 | മനുഷ്യനെപ്പറ്റിയുള്ള അദ്ഭുതസത്യങ്ങൾ | 8 |
| 3 | യഥാർത്ഥ വിപ്ലവത്തെപ്പറ്റിയുള്ള അദ്ഭുതസത്യങ്ങൾ | 12 |
| 4 | നമ്മുടെ ഏറ്റവും വലിയ ആവശ്യത്തെപ്പറ്റിയുള്ള അദ്ഭുതസത്യങ്ങൾ | 16 |
| 5 | ദുശ്ശീലങ്ങളും നൈരാശ്യവും സംബന്ധിച്ച അദ്ഭുതസത്യങ്ങൾ | 20 |
| 6 | അന്തിമ ന്യായവിധിയെ സംബന്ധിച്ച അദ്ഭുതസത്യങ്ങൾ | 24 |
| 7 | ചരിത്രത്തിലെ ഏറ്റവും വലിയ സംഭവത്തെ സംബന്ധിച്ച അദ്ഭുതസത്യങ്ങൾ | 28 |
| 8 | ഏറ്റവും വലിയ അദ്ഭുതസത്യം | 32 |
| | അനുബന്ധം: പരിണാമത്തെ സംബന്ധിച്ച അദ്ഭുതസത്യങ്ങൾ | 34 |

# അധ്യായം ഒന്ന്
# പ്രപഞ്ചത്തെപ്പറ്റിയുള്ള അദ്ഭുതസത്യങ്ങൾ

ശാസ്ത്രപുരോഗതിയുടേതായ ഒരു യുഗത്തിലാണ് നാം ജീവിക്കുന്നത്. നമ്മുടെ പൂർവ്വികന്മാർ അസാധ്യമെന്നു കരുതിയിരുന്ന ചില കാര്യങ്ങൾ മനുഷ്യൻ സാധിച്ചിരിക്കുന്നതായി നാം കണ്ടിരിക്കുന്നു.

ശാസ്ത്രപുരോഗതിയുടെ ഗതിവേഗം നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യൻ സൃഷ്ടിക്കപ്പെട്ട കാലം മുതൽ എ. ഡി. 1750 വരെ അവൻ നേടിയിരുന്ന ശാസ്ത്രവിജ്ഞാനം വേഗം തന്നെ അടുത്ത 150 വർഷങ്ങളിൽ, അതായത് എ. ഡി. 1900 ആയപ്പോഴേക്കും ഇരട്ടിയായി വർദ്ധിച്ചതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. എ. ഡി. 1900-ൽ മനുഷ്യനുണ്ടായിരുന്ന വിജ്ഞാനം അടുത്ത 50 വർഷത്തിനുള്ളിൽ വീണ്ടും ഇരട്ടിയായി വർദ്ധിച്ചു. അപ്രകാരം 1950 വരെ മനുഷ്യൻ നേടിയിരുന്ന അറിവ് അടുത്ത പത്തുവർഷത്തിനുള്ളിൽ പിന്നെയും ഇരട്ടിയായി പെരുകി. ഈ കാലത്തിനുശേഷം ഓരോ രണ്ടര വർഷം കൂടുമ്പോഴും മനുഷ്യന്റെ ശാസ്ത്രജ്ഞാനം ദ്വിഗുണീഭവിച്ചുകൊണ്ടിരിക്കുന്നതായി കണക്കാക്കപ്പെടുന്നു.

ഉദാഹരണത്തിന് മനുഷ്യന്റെ സഞ്ചാരവേഗത്തെ അവന്റെ ശാസ്ത്രപുരോഗതിയുടെ ഒരു ലക്ഷണമായി നമുക്കു പരിശോധിക്കാം. ഇരുനൂറു വർഷം മുമ്പ് മനുഷ്യർ പ്രാകൃതരായ തങ്ങളുടെ പൂർവ്വികന്മാരെപ്പോലെ കുതിരപ്പുറത്തു സഞ്ചരിച്ചുകൊണ്ടിരുന്നു. എന്നാൽ എ. ഡി. 1900 ആയപ്പോഴേക്ക് ആവി വണ്ടികളുടെ സഹായത്തോടുകൂടി 80 കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കുവാൻ അവൻ കഴിവു നേടി. എന്നാൽ 1945 ആയപ്പോഴേക്കും ജെറ്റുവിമാനങ്ങൾ നിലവിൽ വരികയും മനുഷ്യൻ മണിക്കൂറിൽ 1000 കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കുവാൻ പ്രാപ്തനാവുകയും ചെയ്തു. ഇന്നു മനുഷ്യൻ ബാഹ്യാകാശത്തിലൂടെ മണിക്കൂറിൽ 40000-ലധികം കിലോമീറ്റർ വേഗത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.

മനുഷ്യൻ ചന്ദ്രനിലെത്തിയതുമൂലം അവൻ ബാഹ്യാകാശത്തെ കീഴടക്കിയതായി നാം സങ്കല്പിച്ചുപോരുന്നു. എന്നാൽ ചന്ദ്രൻ ബാഹ്യാകാശത്തിന്റെ ഇങ്ങേയറ്റത്തെ അതിർവരമ്പിലാണെന്നു നാം മറക്കരുത്. ബാഹ്യാകാശം തന്നെ നമ്മുടെ ഭാവനാശക്തിയെ പരാജയപ്പെടുത്തുമാറ് അത്ര മഹാവിസ്തൃതമാണ്. പ്രപഞ്ചത്തെയും ബാഹ്യാകാശത്തെയും നമുക്കു കുറഞ്ഞൊന്നു പരിശോധിച്ചുനോക്കാം.

ഭൂമിയിൽ നിന്നു ചന്ദ്രനിലേക്കുള്ള ശരാശരി ദൂരം ഏകദേശം നാലുലക്ഷം കിലോമീറ്ററാണ്. ഭൂമിയിൽ നിന്നു സൂര്യനിലേക്കുള്ള ദൂരവുമായി തട്ടിച്ചുനോക്കിയാൽ ഇതു വളരെക്കുറഞ്ഞ ഒരകലം മാത്രമാണ്. സൂര്യനിലേക്കുള്ള ദൂരം അതിന്റെ ഏതാണ്ട് 375 ഇരട്ടി, അതായത് 1500 ലക്ഷം കിലോമീറ്ററാണ്. സുര്യനിലേക്കുള്ള ഈ ദൂരം വളരെ ഗണ്യമായ ഒന്നു തന്നെ. എങ്കിലും നമുക്ക് ഏറ്റവും അടുത്തുള്ള നക്ഷത്രവുമായി താരതമ്യപ്പെടുത്തിയാൽ ഇതു വളരെ നിസ്സാരം മാത്രമാണ്.

നക്ഷത്രങ്ങളിലേക്കുള്ള അകലം കണക്കാക്കുമ്പോൾ ദൂരത്തിന്റെ സാധാരണ യൂണിറ്റുകൾ അഥവാ ഏകകങ്ങൾ അപര്യാപ്തമായിത്തീരുന്നു. കാരണം, അവ അതിഭീമമായ സംഖ്യകളിലേക്കാണു നമ്മെ നയിക്കുന്നത്. തന്മൂലം ഭൗതിക ശാസ്ത്രജ്ഞന്മാരും ജോതിശാസ്ത്രജ്ഞന്മാരും 'പ്രകാശവർഷ'ത്തെ ദൂരം അളക്കുവാനുള്ള ഒരു ഏകകമായി ഉപയോഗിക്കുന്നു. ഒരു വർഷം കൊണ്ടു പ്രകാശം സഞ്ചരിക്കുന്ന ദൂരമാണ് ഒരു പ്രകാശവർഷം. പ്രകാശം ഒരു സെക്കൻഡിൽ മൂന്നു ലക്ഷം കിലോമീറ്റർ (അതായത് ഭൂമിയുടെ ചുറ്റളവിന്റെ ഏഴിരട്ടി) സഞ്ചരിക്കുന്നുവെന്ന് ഓർക്കുക. അതിനാൽ ഒരു വർഷം കൊണ്ട് അതു സഞ്ചരിക്കുന്ന ദൂരം 9000 ബില്യൻ കിലോമീറ്ററാണ്. (1 ബില്യൻ = 100 കോടി).

ചില നക്ഷത്രങ്ങളിലേക്കുള്ള ദൂരത്തെപ്പറ്റി നമുക്കു ചിന്തിക്കാം. നഗ്നനേത്രങ്ങൾക്കു ദൃശ്യമായ നക്ഷത്രങ്ങളിൽ ഏറ്റവും അടുത്തത് അൽഫാ സെന്റ്വറി (Alpha Centauri) എന്ന പേരിൽ അറിയപ്പെടുന്ന ഒരെണ്ണമാണ്. അതു നാലര പ്രകാശവർഷങ്ങൾ അകലെ, അതായത്, സൂര്യനിലേക്കുള്ള ദൂരത്തിന്റെ 2,5,000 ഇരട്ടി ദൂരത്തിലാണു സ്ഥിതിചെയ്യുന്നത്. ഇത് ഇപ്രകാരം വിശദീകരിക്കാം. നിങ്ങൾ പ്രകാശത്തിന്റെ വേഗത്തിൽ സഞ്ചരിക്കുന്നപക്ഷം നാലര സെക്കൻഡുകൊണ്ട് നിങ്ങൾക്കു ചന്ദ്രനിലെത്താം. അപ്പോൾ സൂര്യനിലെത്തുന്നതിനു നിങ്ങൾക്ക് എട്ടര മിനിറ്റും അൽഫാ സെന്റ്വറിയിൽ എത്തുന്നതിനു നാലര വർഷവും വേണ്ടിവരും. പ്രപഞ്ചത്തിന്റെ ഒരു ചെറിയ സ്കെയിൽ മാതൃക കാണിച്ച് ഇതിന്റെ അർത്ഥം വിശദീകരിക്കാം. ഭൂമിയെ ഒരു മണൽത്തരിയായും സൂര്യനെ ആ മണൽത്തരിയിൽനിന്ന് 3 അടി അകലത്തിരിക്കുന്ന ഒരു മാർബിൾഗോളമായും സങ്കല്പിക്കുക. അപ്പോൾ സൗരയൂഥത്തിലുള്ള എല്ലാ ഗ്രഹങ്ങളും ആ മാർബിൾഗോളത്തിൽ (സൂര്യനിൽ) നിന്ന് 100 അടിക്കുള്ളിൽ വിവിധ അകലങ്ങളിൽ സഞ്ചരിക്കുന്നതായി കാണക്കാക്കാം. എന്നാൽ അൽഫാ സെന്റ്വറിയെന്ന ആ നക്ഷത്രം ഈ മാതൃകയുടെ കണക്കുവച്ചുനോക്കിയാൽ ഭൂമിയിൽനിന്നു 150 മൈൽ അകലെയായിരിക്കും.

നഗ്നനേത്രങ്ങൾക്കു ദൃശ്യമായ നക്ഷത്രങ്ങളിൽ ഏറ്റവും അകലെയുള്ളത് ആൻഡ്രോമീഡാ താരവ്യൂഹത്തിൽ (Andromeda galaxy) ഉൾപ്പെടുന്ന ഒന്നാണ്. അതു നമ്മിൽനിന്നു 15 ലക്ഷം പ്രകാശവർഷങ്ങൾ ദൂരത്തിൽ സ്ഥിതിചെയ്യുന്നു. ഇതിനെക്കാളും അകലത്തിൽ സ്ഥിതിചെയ്യുന്നവയും ദൂരദർശിനിയിൽക്കൂടെ മാത്രം കാണാവുന്നവയുമായ നക്ഷത്രവ്യൂഹങ്ങൾ ഉണ്ട്. 6500 മില്യൻ പ്രകാശവർഷങ്ങളാണ് (650 കോടി) അവയിലേക്കുള്ള ദൂരം.

ഇനി നക്ഷത്രങ്ങളിൽ ചിലതിന്റെ വലിപ്പം പരിശോധിച്ചുനോക്കാം. "മിന്നുക, മിന്നുക, ചെറുതാരകമേ" എന്നു കുട്ടികൾ പറയാറുണ്ട്. അവ വളരെ ചെറിയവയായി കാണപ്പെടുന്നു. അതേ സമയം ഭൂമിയെ വളരെ വലുതായും നാം കണക്കാക്കുന്നു. ഈ ഭൂമിയിൽ ഒരു സ്ഥലത്തുനിന്നും വേറൊരിടത്തേക്കു പോകുവാൻ

നമുക്ക് അനേകം മണിക്കൂറുകൾ വേണ്ടിവരുന്നു. എന്നാൽ സൂര്യൻ എത്രമാത്രം വലുതാണെന്നു ചിന്തിക്കുക. സൂര്യനെ പൊള്ളയായ ഒരു ഗോളമായി കരുതുന്ന പക്ഷം ഭൂമിയുടെ വലിപ്പത്തിലുള്ള പത്തുലക്ഷം ഗോളങ്ങളെ അതിൽ ഉൾക്കൊള്ളിക്കുവാൻ സാധിക്കും. എന്നാലും ചില നക്ഷത്രങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സൂര്യൻ വളരെ ചെറുതാണ്. സൂര്യന്റെ വലിപ്പത്തിലുള്ള 50 കോടി ഗോളങ്ങളെ ഉള്ളിൽ വഹിക്കുമാറ് ചില നക്ഷത്രങ്ങൾ അത്രമാത്രം വലിയവയാണ്.

ഭൂമിയിൽനിന്നു 520 പ്രകാശവർഷങ്ങൾ അകലെയായി സ്ഥിതിചെയ്യുന്നവയും ഓറിയോൺ ബെൽറ്റ് എന്ന വിഭാഗത്തിൽ ഏറ്റവും ഉജ്ജ്വലമായി കാണപ്പെടുന്നതുമായ ബീറ്റൽഗ്യൂസ് (Betelgeuse) എന്ന നക്ഷത്രത്തെപ്പറ്റി ചിന്തിക്കുക. അതിന്റെ വ്യാസം (diameter) 50 കോടി കിലോമീറ്ററാണ്. അതിന്റെ താൽപര്യം ഇങ്ങനെ വിശദമാക്കാം. ഈ നക്ഷത്രത്തെ പൊള്ളയായ ഒരു ഗോളമെന്നു സങ്കല്പിക്കുന്നപക്ഷം ഭൂഗോളത്തിന് ഇതിന്റെ ഉള്ളിൽക്കൂടി സൂര്യനുചുറ്റും അതിന്റെ സാധാരണ ഭ്രമണപഥത്തിലൂടെ നിഷ്പ്രയാസം പ്രദക്ഷിണം ചെയ്‌വാൻ സാധിക്കും. സൂര്യനു ചുറ്റുമായി ഭൂമിയുടെ ഭ്രമണപഥത്തിന്റെ വ്യാസം 30 കോടി കിലോമീറ്റർ മാത്രമാണ്.

ഇനി നക്ഷത്രങ്ങളുടെ സംഖ്യയെപ്പറ്റി ചിന്തിക്കുക. ക്ഷീരപഥം (Milky Way) എന്നറിയപ്പെടുന്ന ഒരു നക്ഷത്രവ്യൂഹത്തിന്റെ ഒരു ഭാഗമാണ് നമ്മുടെ സൗരയൂഥം. ഈ നക്ഷത്രവ്യൂഹത്തിൽ കുറഞ്ഞപക്ഷം 1 ലക്ഷം മില്യൻ (പതിനായിരം കോടി) നക്ഷത്രങ്ങൾ ഉള്ളതായി ജ്യോതിശ്ശാസ്ത്രജ്ഞന്മാർ കണക്കാക്കിയിട്ടുണ്ട്. അത്തരം നക്ഷത്രങ്ങളിൽ ഒന്നുമാത്രമാണ് നമ്മുടെ സൂര്യൻ. ക്ഷീരപഥമെന്നത് അനേകം നക്ഷത്രവ്യൂഹങ്ങളിൽ ഒന്നുമാത്രമാണ്. ദൂരദർശിനികൾകൊണ്ടു കാണാൻ കഴിയുന്ന ബാഹ്യാകാശഭാഗത്തിനുള്ളിൽ ഇതുപോലെ കുറഞ്ഞത് 10 കോടി നക്ഷത്രവ്യൂഹങ്ങൾ എങ്കിലും ഉള്ളതായി ശാസ്ത്രജ്ഞന്മാർ കരുതുന്നു. അതിനുമപ്പുറത്തു വീണ്ടും ഉണ്ട് താരവ്യൂഹങ്ങൾ.

ഈ ആകാശഗോളങ്ങൾ അവയുടെ ഭ്രമണപഥത്തിനുള്ളിൽ എത്ര കൃത്യമായി സഞ്ചരിക്കുന്നു എന്ന കാര്യവും ചിന്തിക്കുക. മനുഷ്യനിർമ്മിതമായ എറ്റവും നല്ല വാച്ചുപോലും ആകാശത്തിലുള്ള ഈ നക്ഷത്രങ്ങളെക്കാൾ അധികം കൃത്യതയോടെ പ്രവർത്തിക്കുന്നില്ല. ഈ ഓരോ നക്ഷത്രത്തെയും ഗ്രഹത്തെയും സൃഷ്ടിച്ച് ഈ വിധത്തിൽ ആസൂത്രണപൂർവ്വം പ്രവർത്തിപ്പിക്കുന്ന ഒരു മഹാപ്രതിഭ ഈ പ്രപഞ്ചത്തിന്റെ പിന്നിൽ തീർച്ചയായും ഉണ്ട്.

ബാഹ്യാകാശം എത്ര വിസ്തൃതമാണ്! അതിനോടു താരതമ്യപ്പെടുത്തിയാൽ മനുഷ്യൻ എത്ര ചെറിയവൻ! ബൈബിളിലെ ഒരെഴുത്തുകാരൻ ഇപ്രകാരം എഴുതി: "രാത്രികാലത്തു കാണുന്ന ആകാശത്തിലേക്കു കണ്ണുയർത്തി അവിടെയുള്ള നക്ഷത്രങ്ങളെ ഞാൻ നോക്കുമ്പോൾ, ദൈവമേ, ഇത്ര നിസ്സാരനായ മനുഷ്യനെ നീ എന്തിനു ശ്രദ്ധിക്കുന്നുവെന്നു ഗ്രഹിപ്പാൻ എനിക്കു സാധിക്കുന്നില്ല". എങ്കിലും ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവായ ദൈവം നമ്മിൽ ഓരോരുത്തർക്കും വേണ്ടി കരുതുന്നു. ബൈബിളിൽനിന്നു നാം മനസ്സിലാക്കുന്ന അദ്ഭുതസത്യം ഇതത്രേ.

ഏതെങ്കിലും വസ്തുവിന്റെ വില നിർണ്ണയിക്കുന്നത് അതിന്റെ വലിപ്പം വച്ചുകൊണ്ടല്ല. ഒരു ലക്ഷപ്രഭുവിന് അനേകം ഏക്കർ ഭൂമി ഉണ്ടായിരിക്കാം. എന്നാൽ ആ വിസ്തൃതമായ ഭൂവിഭാഗങ്ങളെക്കാളധികം തന്റെ കൊച്ചുകുട്ടി അയാൾക്ക് അധികം വിലപ്പെട്ടവനാണ്. ഇതുപോലെയാണ് ദൈവത്തിന്റെ അവസ്ഥയും. ബാഹ്യാകാശം അനന്തവിസ്തൃതമാകാം; നക്ഷത്രങ്ങൾ അവയുടെ വലിപ്പത്തിൽ ഭീമാകാരങ്ങളായിരിക്കാം. എന്നാൽ തന്റെ ആ എല്ലാ സൃഷ്ടികളെക്കാളുമധികം ദൈവം മനുഷ്യനെ സ്നേഹിക്കയും കരുതുകയും പോറ്റിപ്പുലർത്തുകയും ചെയ്യുന്നു. തന്റെ ഒരു പുത്രനായി തന്നോടൊപ്പം സ്നേഹസംസർഗ്ഗം പുലർത്തുന്നവനായിട്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. ദൈവവുമായിട്ടുള്ള അത്തരമൊരു സ്നേഹസംസർഗ്ഗം മാത്രമാണ് മനുഷ്യന്റെ അസ്തിത്വനു വിലയും പ്രധാന്യവും നൽകുന്നത്.

സൃഷ്ടിയിൽ ദൈവത്തിന്റെ മഹത്വം നമുക്കു കാണാൻ കഴിയും. എന്നാൽ ഈ ദൈവം നമ്മെ സ്നേഹിക്കയും നമുക്കായിക്കരുതുകയും ചെയ്യുന്നവനാണെന്ന് ബൈബിളിലൂടെ നാം മനസ്സിലാക്കുന്നു.

# അധ്യായം രണ്ട്
# മനുഷ്യനെപ്പറ്റിയുള്ള അദ്ഭുതസത്യങ്ങൾ

മനുഷ്യൻ ദൈവസൃഷ്ടിയുടെ മകുടമാണ്. അഖിലാണ്ഡത്തിലെ നക്ഷത്രസമൂഹങ്ങളെക്കാൾ മഹത്തരവും കൂടുതൽ അദ്ഭുതാവഹവുമായ സൃഷ്ടി മനുഷ്യൻ തന്നെയാണ്. ആദ്യമായി നമ്മുടെ ശരീരങ്ങളെത്തന്നെ നോക്കി എത്ര വിസ്മയാവഹമായ വിധത്തിൽ ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നുവെന്നു മനസ്സിലാക്കുക.

മനുഷ്യന്റെ തലച്ചോറിൽ മുപ്പതുബില്യൻ നാഡീകോശങ്ങൾ അടങ്ങിയിട്ടുള്ളതായും അവയിലോരോന്നും ഏകദേശം 1/10 വോൾട്ട് വൈദ്യുതിയുടെ ശക്തിയോടെ പ്രവർത്തിക്കുന്നതായും ഡോക്ടർമാർ പറയുന്നു. 35 വയസ്സിൽ കൂടുതൽ പ്രായമുള്ളവർക്ക് ഈ നാഡീകോശങ്ങളിൽ 1000 എണ്ണം വീതം ഓരോ ദിവസവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ നാഡീകോശങ്ങൾ പിന്നീടൊരിക്കലും നമുക്കു തിരിയെ ലഭിക്കുന്നില്ല. എന്നിട്ടും പഞ്ചേന്ദ്രിയങ്ങളുടെ സംവേദനക്ഷമതയ്ക്ക് ലേശമൊരു കുറവുണ്ടാകുന്നു എന്നതൊഴിച്ചാൽ തലച്ചോറിന്റെ പ്രധാന പ്രവർത്തനങ്ങൾ ജീവിതാന്ത്യം വരെയും തുടർന്നുപോകയും ചെയ്യുന്നു.

നിങ്ങളുടെ ഓരോ കണ്ണിലും കറുപ്പും വെളുപ്പും തിരിച്ചറിയുമാറുള്ള ദർശനശക്തിക്കുവേണ്ടി 13 കോടി ചെറിയ ദണ്ഡുകളും (rods) മറ്റു വർണ്ണഭേദങ്ങൾ തിരിച്ചറിയുന്ന ദർശന ശക്തിക്കുവേണ്ടി 70 ലക്ഷം രേണു സൂചികളും (cones) ഉണ്ടെന്നുള്ള വസ്തുത നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? ഇവയെ 3 ലക്ഷം നാഡീതന്തുക്കൾക്കൊണ്ട് തലച്ചോറിനോടു ഘടിപ്പിച്ചിരിക്കുന്നു. മനുഷ്യനേത്രത്തിന് ഒരേ സമയം തന്നെ 15 ലക്ഷം സന്ദേശങ്ങൾ സ്വീകരിക്കുവാനുള്ള കഴിവുണ്ട്. ഒരു കണ്ണിന്റെ പ്രവർത്തനത്തെ യാന്ത്രികമായി സംഘടിപ്പിക്കണമെങ്കിൽ രണ്ടുലക്ഷത്തിഅൻപതിനായിരം ടെലിവിഷൻ പ്രക്ഷേപണികളും റസീവിംഗ് സെറ്റുകളും ആവശ്യമായി വരും.

ഇനി ശ്രവണേന്ദ്രിയത്തിന്റെ കാര്യം എടുക്കുക. ശ്രവണനാഡിക്കു മുക്കാൽ ഇഞ്ചുമാത്രം നീളവും ഒരു സാധാരണ പെൻസിൽ മുനയുടെ വ്യാസവുമേ ഉള്ളൂ. എങ്കിലും അതിനുള്ളിൽ മുപ്പതിനായിരം വൈദ്യുത സർക്യൂട്ടുകൾ ഉണ്ട്. ഒരു മനുഷ്യന്റെ ശ്രവണേന്ദ്രിയത്തെ ഒരു പിയനോവുമായി താരതമ്യപ്പെടുത്തുന്നപക്ഷം പിയാനോവിലെ കീബോർഡിൽ 88 സ്ഥാനങ്ങൾ മാത്രം ഉള്ളപ്പോൾ നമ്മുടെ ആന്തരികശ്രവണേന്ദ്രിയത്തിന്റെ കീബോർഡിൽ ഒരേ ഫ്രീക്വൻസിയിൽ തന്നെ 1100 സ്ഥാനങ്ങൾ കാണാം. ഒരു പിയാനോയുടെ രണ്ടു കട്ട (keys) കൾക്കിടയ്ക്കു സംഭവിക്കാവുന്ന 12 വ്യത്യസ്ത സ്വരങ്ങൾ പിടിച്ചെടുക്കാൻ കഴിയുമാറ് അത്ര സംവേദനശക്തിയുള്ളതാണ് ശ്രവണേന്ദ്രിയം.

ഇനി മനുഷ്യന്റെ ഹൃദയത്തേയും രക്തക്കുഴലുകളെയും പറ്റി ചിന്തിക്കാം. ഹൃദയത്തിന്റെ പ്രവർത്തനത്തിനു വല്ല തകരാറും സംഭവിക്കുന്നതുവരെ നാം അതിനെപ്പറ്റി ചിന്തിക്കാറില്ല. എന്നാൽ നമ്മുടെ ശരീരത്തിനുള്ളിൽ ദൈവം നിക്ഷേപിച്ചിട്ടുള്ള ഈ ഹൃദയം ഒരു വർഷത്തിനുള്ളിൽ 4 കോടി പ്രാവശ്യം ഇടവേളയില്ലാതെ സ്പന്ദിക്കുന്നുണ്ട്. ആ യന്ത്രത്തിന് ആരും എണ്ണയിടുകയോ കേടുപോക്കുകയോ ചെയ്യുന്നില്ല. നിങ്ങൾ മനസ്സിലാക്കിയാലുമില്ലെങ്കിലും നിങ്ങളുടെ ഹൃദയം ഇന്നലെയൊരു ദിവസത്തിൽ ഒരു ലക്ഷം പ്രാവശ്യം സ്പന്ദിക്കുകയും നിങ്ങളുടെ ശിരസ്സുമുതൽ പാദം വരെ 1 ലക്ഷം കിലോമീറ്റർ നീളത്തിലുള്ള രക്തക്കുഴലുകളിലൂടെ രക്തം പമ്പുചെയ്യുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, കേടുവന്നവയും നിരുപയോഗമായിത്തീർന്നവയുമായ രക്തകോശങ്ങൾക്കു പകരം വയ്ക്കുവാനായി ഇന്നലെയൊരു ദിവസം തന്നെ നിങ്ങളുടെ ശരീരം 17200 കോടി രക്തകോശങ്ങളെ ഉദ്പാദിപ്പിച്ചിട്ടുണ്ട്. നിങ്ങൾ ഇന്നു ജീവിച്ചിരിക്കുന്നു എന്ന വസ്തുത ഏറ്റവും വലിയ ഒരദ്ഭുതമല്ലേ?

ശരീരത്തിലുള്ള വിവിധ ഗ്രന്ഥികളെ (glands)പ്പറ്റി ആലോചിച്ചു നോക്കുക. നമ്മുടെ തൈറോയിഡ് ഗ്രന്ഥിക്ക് 1/5000 ഗ്രാം അയോഡിൻ മാത്രമേ ഓരോ ദിവസവും ആവശ്യമായിരിക്കുന്നുള്ളൂ. എങ്കിലും നിങ്ങൾ ഒരു ശിശുവായിരുന്ന കാലത്ത് സൂക്ഷ്മാംശരൂപമായ അത്രയും പദാർത്ഥം നിങ്ങൾക്കു ലഭിക്കാതെ വന്നിരുന്നെങ്കിൽ നിങ്ങൾ തീർച്ചയായും മാനസികവൈകല്യം ബാധിച്ചവനായിത്തീരുമായിരുന്നു.

ശരീരത്തിലുള്ള ഓജോഗ്രന്ഥി അഥവാ പിറ്റ്യൂട്ടറിഗ്ലാൻഡ് ഇതിലുമധികം വിസ്മയകരമാണ്. അതു പ്രതിദിനം ഉത്പാദിപ്പിക്കുന്ന ഹോർമോണുകൾ ഒരു ഗ്രാമിന്റെ പത്തുലക്ഷത്തിലൊരംശം മാത്രമാണ്. എങ്കിലും ഒരു വ്യക്തി വളരുന്ന പ്രായത്തിൽ ഇതിൽ അതിസൂക്ഷ്മമായ ഒരു വർദ്ധനയോ കുറവോ സംഭവിച്ചാൽ അത് അയാളെ ശാരീരകമായും മാനസികമായും വിലക്ഷണനാക്കിത്തീർക്കും. ഇന്നു നാം ആരോഗ്യവാന്മാരും ആരോഗ്യവതികളുമായിരിക്കുന്നതിന്റെ കാരണം നമ്മുടെ ശരീരമെന്ന യന്ത്രസംവിധാനം അത്രമാത്രം സമ്പൂർണ്ണമായ തോതിൽ പ്രവർത്തിച്ചിട്ടുള്ളതുകൊണ്ടുമാത്രമാണ്.

ബൈബിളിലെ ഒരു ഗ്രന്ഥകാരൻ എഴുതിയിട്ടുള്ളതുപോലെ “ഭയങ്കരവും അദ്ഭുതകരവുമായ വിധത്തിൽ ഞാൻ സൃഷ്ടിക്കപ്പെട്ടിരിക്കയാൽ ദൈവമേ, ഞാൻ അങ്ങയെ സ്തുതിക്കുന്നു”. മനുഷ്യശരീരത്തിന്റെ സംവിധാനവും അതിൽ ദൈവം ക്രമീകരിച്ചിട്ടുള്ള സമ്പൂർണ്ണ സന്തുലിതത്വവും വാസ്തവത്തിൽ അത്യന്തം അദ്ഭുതകരം തന്നെ. മനുഷ്യനിൽ കാണപ്പെടുന്ന ഈ അദ്ഭുതങ്ങളിൽ ചിലതു ജന്തുക്കളിലും അതേവിധം കാണപ്പെടുന്നു എന്നത് തീർച്ചയായും ശരിതന്നെ.

എന്നാൽ അതിനപ്പുറമായി മനുഷ്യന്റെ ദേഹത്തിനുള്ളിൽ ഒരു ദേഹി (soul) സ്ഥിതിചെയ്യുന്നുണ്ട്. അവന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്ന ഈ ദേഹിയിൽ മനസ്സ്, വികാരങ്ങൾ, ഇച്ഛാശക്തി എന്നിവ ഉൾക്കൊണ്ടിരിക്കുന്നു. ചിന്തിക്കുകയും യുക്തിവാദം ചെയ്യുകയും ചെയ്യുന്ന മനസ്സ്, ഇഷ്ടാനിഷ്ടങ്ങളും ശോകാദ്ഭുതാദികളും ഉളവാക്കുന്ന വികാരങ്ങൾ, തീരുമാനമെടുക്കുവാൻ നമുക്കു കഴിവു നൽകുന്ന ഇച്ഛാശക്തി എന്നിവയടങ്ങിയതാണ് മനുഷദേഹി. ജന്തുക്കൾക്കു തലച്ചോറുണ്ട്; എന്നാൽ അവയ്ക്കു യുക്തിചിന്തയ്ക്കുള്ള കഴിവില്ല. മനുഷ്യനു ചിന്തിക്കുവാനും തന്റെ ചിന്തയെ ഭാഷയിലൂടെ പ്രകടിപ്പിക്കുവാനും രേഖപ്പെടുത്തുവാനും അത് അനന്തര തലമുറകൾക്കു പകർന്നുകൊടുക്കുവാനും കഴിവുണ്ട്. ജന്തുക്കൾക്ക് ഒരിക്കലും ഈ കഴിവില്ല. എന്നാൽ ചില പക്ഷികൾ ആയിരമായിരം വർഷങ്ങൾക്കുമുമ്പു തങ്ങളുടെ പൂർവികന്മാർ നിർമ്മിച്ചിരുന്ന അതേ വിധത്തിലുള്ള കൂടുകൾ നിർമ്മിക്കുന്നുണ്ട്. മനുഷ്യന്റെ ബുദ്ധിശക്തിയെന്നത് അവന്റെ ഉള്ളിൽ സ്ഥിതിചെയ്യുന്ന ഈശ്വരസാരൂപ്യം തന്നെയാണ്. ദൈവത്തിന്റെ സർവോന്നതമായ ബുദ്ധിശക്തിയുടെ അണുമാത്രമായ ഒരംശമത്രേ അത്.

ഇപ്രകാരം മനുഷ്യന് അദ്ഭുതകരമായ ഒരു ശരീരവും അതിലധികം അദ്ഭുതകരമായ ഒരു ദേഹിയും മാത്രമല്ല ഉള്ളത്. തന്റെ ദേഹദേഹികളെക്കാൾ അത്യധികം അഗാധവും വിസ്മയകരവുമായ മറ്റൊരംശം കൂടെ അവനിലുണ്ട്. അതാണ് അവന്റെ ആത്മാവ്. ഇതു ഭൂമിയിലുള്ള മറ്റെല്ലാ സൃഷ്ടികളിൽനിന്നും മനുഷ്യനെ വേർതിരിച്ചു നിർത്തുന്നു. നമ്മുടെ അന്തസ്സത്തയുടെ അത്യഗാധതലത്തിലുള്ള ഈ ആത്മാവു നമ്മോടു പറയുന്നു: “ഒരു ദൈവം - സർവോന്നതനും സനാതനനുമായ ഒരു ചൈതന്യം - ഉണ്ട്. ധാർമ്മികമായി അവിടത്തോടു നാം കണക്കു ബോധിപ്പിക്കേണ്ടവരാണ്”. സൃഷ്ടിയിലെ അദ്ഭുതപ്രതിഭാസങ്ങൾ മാത്രമല്ല ഒരു

ദൈവമുണ്ടെന്നു നമ്മെ പഠിപ്പിക്കുന്നത്; നമ്മുടെ ഉള്ളിലുള്ള ആത്മാവും അതുതന്നെ നമ്മോട് ആമന്ത്രണം ചെയ്യുന്നു.

പരിഷ്കാരമോ വിദ്യാഭ്യാസമോ അല്ല ഒരു ദൈവമുണ്ടെന്നു നമ്മെ ഉപദേശിക്കുന്നത്. മതവുമല്ല അതിനെപ്പറ്റി നമ്മെ ഉദ്ബോധിപ്പിക്കുന്നത്. ഈ ഭൂമിയിലെ വനാന്തരങ്ങളിൽ വസിക്കുന്ന അപരിഷ്കൃതജനസമൂഹങ്ങളെ നിങ്ങൾ സന്ദർശിച്ചാൽ ആ പ്രാകൃതജനങ്ങൾക്കിടയിലും ഒരു ദൈവബോധം കുടികൊള്ളുന്നതായി മനസ്സിലാക്കുവാൻ കഴിയും. ഒന്നിനെ അല്ലെങ്കിൽ മറ്റൊന്നിനെ അവർ ആരാധിക്കുന്നു. കാരണം, ഒരു സർവോന്നതചൈതന്യമുണ്ടെന്നും അതിനോടു തങ്ങൾ പ്രതിബദ്ധരാണെന്നും അവരുടെ ആത്മാവു സാക്ഷ്യം പറയുന്നു. തങ്ങൾ തെറ്റുചെയ്തുവെന്ന് അവർക്ക് ബോധം വരുത്തുന്ന ഒരു മനസ്സാക്ഷി അവരുടെ ഉള്ളിൽ ഉണ്ട്. പക്ഷിമൃഗാദിജന്തുക്കളിൽ മറ്റൊന്നിനും ഇതുപോലെ അന്തർലീനമായ ഒരു കുറ്റബോധം കാണുന്നില്ല. ഒരു മൃഗത്തെ കുറ്റബോധം പ്രകടിപ്പിക്കുമാറ് വേണമെങ്കിൽ നിങ്ങൾക്കു പരിശീലിപ്പിക്കാം. എന്നാൽ യാതൊരു മൃഗത്തിനും സ്വതസ്സിദ്ധമായി കുറ്റബോധം ഉണ്ടാകുന്നില്ല. മനുഷ്യനു മാത്രമാണ് കുറ്റബോധമുണ്ടാകുന്നത്. എന്തെന്നാൽ അവനു മാത്രമേ ഒരാത്മാവും മനസ്സാക്ഷിയും ഉള്ളൂ. ഈ കാരണത്താലാണ് ലോകത്തിൽ എവിടെയുമുള്ള മനുഷ്യന് ഏതെങ്കിലും തരത്തിലുള്ള ഒരു മതബോധമുള്ളതായി നാം കാണുന്നത്. എന്നാൽ മതബോധമുള്ള ഒരു കുരങ്ങിനെയോ നായെയോ ഒരിക്കലും നിങ്ങൾക്കു കണ്ടെത്തുവാൻ സാധ്യമല്ല.

ഭൂമിയിലെ തന്റെ ജീവിതവൃത്തിക്കപ്പുറത്തുള്ള എന്തോ ഒന്നിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവനാണ് മനുഷ്യൻ. ഭൂമിയിൽ നമുക്കു ലഭിക്കാവുന്ന എല്ലാറ്റിനെക്കാളും ഉന്നതവും മഹത്തരവുമായ എന്തോ ഒന്നിനുവേണ്ടിയുള്ള ഒരു ദാഹം നമ്മിലോരോരുത്തരിലും ദൈവം സ്ഥാപിച്ചിട്ടുണ്ട്.

മനുഷ്യൻ നിത്യതയുടെ ഒരു സൃഷ്ടിയാണ്. മനുഷ്യരും ഇതരജന്തുക്കളും തമ്മിൽ ഒരു വ്യത്യാസവുമില്ലെന്നു പരിണാമവാദികൾ ശഠിച്ചേക്കാം. എന്നാൽ ഏതൊരു രാജ്യത്തും ഒരു മനുഷ്യശിശുവിനെ കൊല്ലുന്നത് ഒരാനയെ കൊല്ലുന്നതിനെക്കാൾ ഗൗരവതരമായ ഒരു കുറ്റമായി നിയമം അംഗീകരിക്കുന്നു. ഒരാന ബൃഹത്തായ ഒരു സൃഷ്ടിയാണ്. എന്നാൽ ഒരു ചെറിയ മനുഷ്യശിശു ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടതാകയാൽ അതിനെ അപേക്ഷിച്ച് എത്രയോ അധികം വിലയേറിയതാണ്. ദൈവസൃഷ്ടിയുടെ സർവോന്നതശൃംഗമാണ് മനുഷ്യൻ. താനുമായി സ്നേഹസംസർഗ്ഗത്തിലേർപ്പെടുവാനാണ് അവനെ ദൈവം സൃഷ്ടിച്ചിട്ടുള്ളത്.

# അധ്യായം മൂന്ന്
# യഥാർത്ഥ വിപ്ലവത്തെപ്പറ്റിയുള്ള അദ്ഭുതസത്യങ്ങൾ

ഇന്നു ലോകത്തിലെല്ലാം, വിശേഷിച്ചു യുവജനങ്ങൾക്കിടയിൽ, അസംതൃപ്തിയുടേതായ ഒരു മനോഭാവം നിലവിലുണ്ട്. നിലവിലുള്ള വ്യവസ്ഥിതിയെ നീക്കം ചെയ്യുവാനും കൂടുതൽ മെച്ചമായ ഒന്നിനെ അന്വേഷിപ്പാനുമുള്ള ഒരാഗ്രഹത്തിന്റെ രൂപത്തിൽ ഇതു പ്രവർത്തിക്കുന്നു. നമ്മുടെ ഈ കാലഘട്ടത്തിൽ ജനപ്രീതിനേടിയ ഒരു പദമാണ് 'വിപ്ലവം'. വിപ്ലവമെന്നാൽ മാറ്റം എന്നാണർത്ഥം. സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ മാറ്റങ്ങളുടെ ഒരു യുഗത്തിലാണു നാമിന്നു ജീവിക്കുന്നത്. ഫാഷനുകളും വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്നു. ഈ വർഷത്തെ ഫാഷൻ അടുത്ത വർഷത്തെ ഫാഷനല്ലാതായിത്തീരുന്നു. വ്യാപാര രംഗത്തും വിപ്ലവം സംഭവിക്കുന്നുണ്ട്. ഇന്നു ലോകവിപണിയിൽ ലഭ്യമായ ഉൽപന്നങ്ങളിൽ 65 ശതമാനവും അഞ്ചുവർഷം മുമ്പ് ഉണ്ടായിരുന്നില്ല.

നമുക്കു ചുറ്റും എല്ലാ രംഗങ്ങളിലും മാറ്റം സംഭവിച്ചുകൊണ്ടേയിരിക്കുന്നു. മെച്ചമായ ഒന്നിനുവേണ്ടി ജനങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. പല രാജ്യങ്ങളിലും സായുധവിപ്ലവം നടക്കുന്നുണ്ട്. എന്നാൽ ഇതൊക്കെ സംഭവിച്ചിട്ടും കാര്യങ്ങൾ ഒന്നിനൊന്നു മോശമായിക്കൊണ്ടാണിരിക്കുന്നത്. ക്ഷാമം, പട്ടിണിമരണം, തൊഴിലില്ലായ്മ, അക്രമം, യുദ്ധം, വിനാശം എന്നിവയുടെ വാർത്തകൾകൊണ്ടു വർത്തമാനപ്പത്രങ്ങൾ നിറഞ്ഞിരിക്കുന്നു.

നമ്മുടെ സമൂഹത്തിന് ഏറ്റവും വലിയ നന്മയുണ്ടാകുവാൻ നാം ആഗ്രഹിക്കുന്നപക്ഷം, നിലവിലുള്ള വ്യവസ്ഥിതിയെപ്പറ്റി അസംതൃപ്തിപ്പെടുന്നതു ദോഷകരമല്ല. തീർച്ചയായും ലോകത്തിലെ ജനങ്ങൾക്കു കൂടുതൽ മെച്ചമായ ജീവിത സാഹചര്യങ്ങൾ ലഭിക്കുവാൻ നാം ആഗ്രഹിക്കുന്നുണ്ട്. നമ്മുടെ രാജ്യത്തും ലോകത്തിലൊന്നാകെയുമുള്ള ജനങ്ങൾക്കു ദാരിദ്ര്യത്തിൽനിന്നു മോചനവും, പാർപ്പിടം, വസ്ത്രം, ഭക്ഷണം എന്നിവയും ഉണ്ടാകണമെന്നു നാം ആഗ്രഹിക്കുന്നു. അവർക്കു കൂടുതൽ സ്വാതന്ത്ര്യവും ക്ഷേമവും കൈവരണമെന്നാണ് നമ്മുടെ അഭിലാഷം. സത്യമാലോചിച്ചാൽ നിലവിലുള്ള അവസ്ഥകൊണ്ടു തൃപ്തിപ്പെടുകയും അതിനെക്കുറിച്ച് മൗനമവലംബിക്കുകയും ചെയ്യുന്നത് പലപ്പോഴും മരണത്തിന്റെ ലക്ഷണമാണ്. മരിച്ചവർ മാത്രമാണ് നിലവിലിരിക്കുന്നതുകൊണ്ടു തൃപ്തരായിക്കഴിയുന്നത്. ഒരു ശ്മശാനത്തിൽ യാതൊരു വിപ്ലവവും നടക്കുന്നില്ല. അതുകൊണ്ടുതന്നെ അവിടെ യാതൊരു പുരോഗതിയും ഉണ്ടാകുന്നില്ല എന്നുകൂടി നാമോർക്കണം.

നാം ഒരു സ്വതന്ത്രരാഷ്ട്രത്തിലായിരിക്കാം ജീവിക്കുന്നത്. എന്നാൽ നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ യഥാർത്ഥസ്വാതന്ത്ര്യം എന്തെന്നു നാം അറിയുന്നുണ്ടോ? മനുഷ്യൻ ശാസ്ത്രീയമായി പുരോഗമിച്ചിട്ടുണ്ടെങ്കിൽത്തന്നെ ധാർമ്മികമായി അധഃപതിക്കുകയാണു ചെയ്തിട്ടുള്ളത്. ഇന്നു ലോകത്തിലുള്ള മിക്ക രാജ്യ

ങ്ങളും സ്വതന്ത്രങ്ങളാണ്. എന്നാൽ മനുഷ്യൻ ഇന്നും അടിമത്തത്തിലാണ്. മനുഷ്യനു ബഹ്യമായ സ്വാതന്ത്ര്യമുണ്ടെങ്കിലും തന്റെ സ്വാർത്ഥതയെയും അധമമോഹങ്ങളെയും കീഴടക്കുവാൻ അവനു കഴിവില്ല. രാജ്യം കീഴടക്കുന്നതിനെക്കാൾ ഉത്തമം സ്വന്തം മോഹങ്ങളെ നിയന്ത്രിക്കുകയാണെന്ന് ബൈബിൾ പറയുന്നു (സദൃ. 16:32).

നിലവിലുള്ള വ്യവസ്ഥിതിയെ നീക്കം ചെയ്യുക എന്നതു വിപ്ലവത്തിന്റെ ഒരു ഭാഗമാണ്. ഈ അർത്ഥത്തിൽ നോക്കിയാൽ ലോകം കണ്ടിട്ടുള്ള ഏറ്റവും വലിയ വിപ്ലവകാരിയായിരുന്നു യേശുക്രിസ്തു. മറ്റു വിപ്ലവകാരികൾ ബാഹ്യമായ ഒരു വിപ്ലവം പ്രസംഗിച്ചപ്പോൾ യേശുക്രിസ്തു ആന്തരികമായ ഒരു വിപ്ലവത്തെപ്പറ്റിയാണു പഠിപ്പിച്ചത്. ക്രിസ്തു പ്രശ്നത്തിന്റെ കാതലിൽ കൈവയ്ക്കുകയും മനുഷ്യനാവശ്യമായിരിക്കുന്നത് അവന്റെ ഹൃദയാന്തർഭാഗത്തു സംഭവിക്കുന്ന ഒരു വിപ്ലവമാണെന്നു പഠിപ്പിക്കുകയും ചെയ്തു.

ഈ ആന്തരികവിപ്ലവം മനുഷ്യൻ അനുഭവിക്കുമ്പോൾ ബാഹ്യമായതു സ്വയം സംഭവിച്ചുകൊള്ളും. പ്രശ്നത്തിന്റെ മൂലകാരണത്തെയാണ് നാം ആദ്യം കൈകാര്യം ചെയ്യേണ്ടത്. ഒരു ഡോക്ടർ ഒരു രോഗിയെ ചികിത്സിക്കുമ്പോൾ രോഗത്തിന്റെ ബാഹ്യലക്ഷണങ്ങൾക്കു മാത്രമല്ല ചികിത്സ ചെയ്യുന്നത്. അദ്ദേഹം രോഗത്തിനുതന്നെ പ്രതിവിധി കല്പിക്കുന്നു. ഉദാഹരണമായി ക്യാൻസർ ബാധിച്ച ഒരു വ്യക്തിക്കു വിശപ്പില്ലായ്മയുള്ളതായി അയാൾ പരാതിപ്പെട്ടേക്കാം. ക്യാൻസറിനു ചികിത്സ ചെയ്യാതെ വിശപ്പില്ലായ്മയ്ക്കു മാത്രം പ്രതിവിധി ചെയ്യുന്ന ഡോക്ടർ ബുദ്ധിഹീനൻ തന്നെ. അതുപോലെ നമ്മുടെ പ്രശ്നങ്ങൾക്കു പരിഹാരം പുറമേയുള്ള ഒരു വിപ്ലവമാണ്, അഥവാ വ്യവസ്ഥിതി മാറ്റമാണ് എന്നു കരുതുന്ന ആളുകൾ ഇതേ തെറ്റുതന്നെയാണു ചെയ്യുന്നത്. അവർ രോഗലക്ഷണങ്ങൾ നീക്കിക്കളയുവാൻ ശ്രമിക്കുന്നു; അതേ സമയം രോഗം മാറ്റമില്ലാതെ തുടരുകയും ചെയ്യുന്നു.

മനുഷ്യനെ സംബന്ധിച്ചിടത്തോളം നീക്കിക്കളയേണ്ടിയിരിക്കുന്ന ആന്തരികവ്യവസ്ഥിതി എന്താണ്? മനുഷ്യൻ ഇന്നു ദൈവത്തെ ആശ്രയിക്കാത്ത ഒരു ജീവിതമാണു നയിച്ചുകൊണ്ടിരിക്കുന്നത്. മതഭക്തിയുള്ള ആളുകൾ പോലും വിവിധരൂപത്തിൽ സ്വന്തം താൽപര്യങ്ങളെ അന്വേഷിക്കുന്നവരാണ്. സ്വന്തജീവിതം ആസൂത്രണം ചെയ്യുമ്പോൾ അവരുടെ കണക്കുക്കൂട്ടലിൽ ദൈവത്തിനു സ്ഥാനമില്ല. ഈ വ്യവസ്ഥിതി മാറ്റിക്കളയുക എന്നുവച്ചാൽ മനുഷ്യൻ ദൈവത്തിലാശ്രയിച്ചു ജീവിക്കുന്ന ഒരനുഭവത്തിലേക്കു വരിക എന്നാണർത്ഥം. യേശുക്രിസ്തു വരുത്തുവാനാഗ്രഹിച്ച ആത്മീയ വിപ്ലവം ഇതത്രേ. ഇന്നു ലോകത്തിലൂടനീളം പലരും അനുഭവിച്ചുകൊണ്ടിരിക്കുന്ന വിപ്ലവവും ഇതുതന്നെ.

നമുക്കു വിപ്ലവമാവശ്യമായിരിക്കുന്ന മറ്റൊരു മേഖലയെപ്പറ്റി ചിന്തിക്കുക. നാമെല്ലാം നമ്മുടെ മാതാപിതാക്കളിൽനിന്നു പകർന്നുകിട്ടിയ ഒരു മതബോധം ഉള്ളവരാണ്. ആ മതബോധത്തോടൊപ്പം വർഷങ്ങളിലൂടെ നാം രൂപപ്പെടുത്തുകയും കെട്ടിപ്പെടുക്കുകയും ചെയ്ത ചില മുൻവിധികളും നമുക്കുണ്ട്. മതപരമായ കാര്യങ്ങളിൽ ദൗർഭാഗ്യവശാൽ മിക്ക മനുഷ്യരും സ്വയം ചിന്തിക്കുന്നില്ല. തങ്ങൾക്കുവേണ്ടി ചിന്താപ്രവർത്തനം നിർവഹിക്കുന്ന ഒരു പാസ്റ്ററോ പുരോഹിതനോ അവർക്കുണ്ട്. എങ്കിലും ഏതൊരു മനുഷ്യനും നിർവഹിക്കാവുന്ന ഏറ്റവും ഫലപ്രദമായ പ്രവർത്തനമാണ് ആധ്യാത്മികകാര്യങ്ങളെപ്പറ്റി ചിന്തിക്കുക എന്നത്. ദൈവത്തെ സംബന്ധിക്കുന്ന സത്യം ഏറ്റവും സൂക്ഷ്മതയോടെ ഗ്രഹിക്കുവാൻ നാം സ്വയം തീരുമാനിക്കണം. ഈ കാര്യത്തിൽ നമുക്കു തെറ്റുപറ്റിയാൽ അതിന്റെ നഷ്ടം ഒരിക്കലും പരിഹരിക്കാവുന്നതല്ല.

ശാസ്ത്രീയരംഗത്തു മനുഷ്യൻ ചിന്തിക്കുവാൻ വിസമ്മതം കാണിച്ചിരുന്നെങ്കിൽ നമ്മുടെ അവസ്ഥ എന്താകുമായിരുന്നു എന്നോർക്കുക. തങ്ങളുടെ പൂർവികന്മാർ വിശ്വസിച്ചിരുന്ന കാര്യങ്ങൾ മാത്രം മനുഷ്യൻ സ്വീകരിച്ചിരുന്നെങ്കിൽ ശാസ്ത്രീയരംഗത്തു യാതൊരു പുരോഗതിയും ഉണ്ടാകുമായിരുന്നില്ല.

ഒരുദാഹരണം പറയാം. ആയിരമായിരം വർഷങ്ങളായി ഭൂമിയാണ് പ്രപഞ്ചത്തിന്റെ കേന്ദ്രമെന്നും സൂര്യനും നക്ഷത്രങ്ങളും അതിനുചുറ്റും പ്രദക്ഷിണം ചെയ്യുന്നുവെന്നും മനുഷ്യൻ വിശ്വസിച്ചിരുന്നു. എന്നാൽ 450 വർഷം മുമ്പ് കോപ്പർനിക്കസ് എന്ന ഒരു മനുഷ്യൻ തന്റെ പൂർവികരെല്ലാം വിശ്വസിച്ചിരുന്ന ആ കാര്യത്തെ ചോദ്യം ചെയ്കയും അതു തെറ്റാണെന്നു തെളിയിക്കുകയും ചെയ്തു.

തങ്ങളുടെ പൂർവികന്മാർ വിശ്വസിച്ചിരുന്ന കാര്യം ശാസ്ത്രജ്ഞന്മാർ അന്ധമായി സ്വീകരിക്കാത്തതു മൂലം ശാസ്ത്രം അനുക്രമം പുരോഗതി നേടിക്കൊണ്ടിരിക്കുന്നു. ഒരു നൂറ്റാണ്ടു കാലം മുമ്പ് ആകാശത്തിൽക്കൂടി പ്പറക്കുന്ന ഒരു യന്ത്രസംവിധാനം ഉണ്ടാകുക സാധ്യമല്ലെന്ന് ആളുകൾ വിശ്വസിച്ചിരുന്നു. ഇന്നു മനുഷ്യൻ വിമാനത്തിൽ ലോകം മുഴുവൻ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. നാം ജീവിക്കുന്ന ഈ നൂറ്റാണ്ടിന്റെ ആരംഭകാലത്ത് അണുവിനെ വിഭജിക്കുവാൻ സാധിക്കുമെന്ന് ആരും കരുതിയിരുന്നില്ല. എന്നാലിന്ന് അണുവിസ്ഫോടനം സാധ്യമായിത്തീർന്നിരിക്കുന്നു. മനുഷ്യൻ എന്നെങ്കിലും ചന്ദ്രനിൽ ചെന്നിറങ്ങുമെന്ന് ഏതാനും വർഷങ്ങൾക്കു മുമ്പ് ആരും ചിന്തിച്ചിരുന്നില്ല. എന്നാലിന്ന് അതും സാധിച്ചുകഴിഞ്ഞിരിക്കുന്നു (പരിണാമത്തെ സംബന്ധിച്ച അദ്ഭുതസത്യങ്ങൾ എന്ന അധ്യായം നോക്കുക).

എന്നാൽ ഹാ! കഷ്ടം! ആധ്യാത്മികരംഗത്തു മാത്രമാണ് മനുഷ്യൻ തങ്ങളുടെ മാതാപിതാക്കന്മാരും പുരോഹിതന്മാരും പഠിപ്പിച്ചിട്ടുള്ള കാര്യങ്ങൾ അതേപടി അന്ധമായി പിന്തുടർന്നുപോരുന്നത്. നിങ്ങളുടെ അവസ്ഥ എന്താണ്? മതപരമായ നിങ്ങളുടെ വിശ്വാസങ്ങൾ എന്തൊക്കെയാണ്? നിങ്ങളുടെ പൂർവപിതാക്കന്മാരിൽ നിന്നു നിങ്ങൾ അന്ധമായി അവകാശപ്പെടുത്തിയിട്ടുള്ളവ മാത്രമാണോ നിങ്ങളുടെ വിശ്വാസങ്ങൾ? അതോ ദൈവത്തെയും നിത്യതയെയും പറ്റി സ്വയം ചിന്തിച്ചു രൂപപ്പെടുത്തിയിട്ടുള്ളവയും നിങ്ങൾക്കു പരമബോധ്യം വന്നിട്ടുള്ളവയുമായ സ്വന്തമായ വിശ്വാസങ്ങൾ നിങ്ങൾക്കുണ്ടോ?

ലോകം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ വിപ്ലവകാരി യേശുക്രിസ്തുവായിരുന്നു. കാരണം, മനുഷ്യരെ അവരുടെ ആന്തരികമണ്ഡലത്തിലൂടെ പരിവർത്തനവിധേയരാക്കുവാനാണ് അവിടുന്നു വന്നത്. മനു

ഷ്യന് ഇപ്രകാരം ആന്തരിക മണ്ഡലത്തിൽ പരിവർത്തനം സംഭവിക്കുമ്പോൾ ലോകത്തിലെയും മനുഷ്യസമൂഹത്തിലെയും തിന്മകൾക്കു പരിഹാരമുണ്ടാകും. മനുഷ്യഹൃദയത്തിൽ പരിവർത്തനമുണ്ടാകാതെ ഇതു സാധ്യമല്ല. മനുഷ്യൻ സ്വയം പരിവർത്തനവിധേയനായിത്തീരാത്തിടത്തോളം കാലം നമ്മുടെ ലോകത്തെയും മനുഷ്യസമൂഹത്തെയും ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാവുക സാധ്യമല്ല.

# അധ്യായം നാല്
# നമ്മുടെ ഏറ്റവും വലിയ ആവശ്യത്തെപ്പറ്റിയുള്ള അദ്ഭുതസത്യങ്ങൾ

മനുഷ്യന്റെ ഏറ്റവും വലിയ ആവശ്യം എന്താണ്?

അതിനെപ്പറ്റി നിങ്ങൾ എന്നെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

അതു ഭക്ഷണമോ, വസ്ത്രമോ, തൊഴിലോ?

ഇവയെല്ലാം നമുക്കാവശ്യം തന്നെ. സംശയമില്ല. ഇവ കൂടാതെ നമുക്കു ജീവിതം തുടരുക സാധ്യമല്ല. നമ്മുടെ ശരീരങ്ങൾക്കു ഭക്ഷണവും നമുക്കു ധരിപ്പാൻ വസ്ത്രവും പാർക്കുവാൻ വീടും ആവശ്യം തന്നെ. നമ്മുടെയും നമ്മുടെ കുടുംബങ്ങളുടെയും സന്ധാരണത്തിനായി നമുക്കൊരു തൊഴിലും ആവശ്യമാണ്. ഇവയിൽ ഏതിന്റെയെങ്കിലും പ്രധാന്യത്തെ വിലയിടിച്ചു കാണിക്കുവാൻ നമുക്കു സാധ്യമല്ല. എന്നാൽ നാം ജീവിക്കുന്ന ഈ ഭൗതികയുഗത്തിൽ മനുഷ്യന്റെ ഏറ്റവും വലിയ ആപത്ത് താൻ കാലത്തിന്റെ സൃഷ്ടിയല്ല, മറിച്ച് നിത്യതയുടെ സൃഷ്ടിയാണെന്നും തന്റെ ശരീരത്തിനുള്ളിൽ അത്യധികം മൂല്യവത്തായ ഒരാത്മാവ് വസിക്കുന്നുണ്ടെന്നുമുള്ള വസ്തുത മറന്നുപോവുകയാണ്. ശരീരവും അതിന്റെ ആവശ്യങ്ങളും പ്രധാനം തന്നെ; എന്നാൽ ആത്മാവും അതിന്റെ ആവശ്യങ്ങളും താരതമ്യേന വളരെക്കൂടുതൽ പ്രധാനപ്പെട്ടവയാണ്.

നിങ്ങളുടെ വീട്ടിൽ വളരെ പ്രിയപ്പെട്ട ഒരു നായയുണ്ടെന്നും അതിനു രോഗം ബാധിച്ചുവെന്നും വന്നാൽ നിങ്ങൾ അതിനെ മൃഗഡോക്ടറുടെ അടുക്കൽ കൊണ്ടുപോയി ചികിത്സിക്കും. എന്നാൽ അതേ സമയം തന്നെ നിങ്ങളുടെ ശിശു രോഗബാധിതനായിത്തീർന്നുവെന്നും ഈ രണ്ടിൽ ഒരു കാര്യം നിങ്ങൾ തെരഞ്ഞെടുക്കേണ്ടിവന്നുവെന്നും സങ്കല്പിക്കുക. തീർച്ചയായും നിങ്ങൾ നിങ്ങളുടെ കുട്ടിയെയാരിക്കും ആദ്യം ഡോക്ടറുടെ അടുത്തേക്കു കൊണ്ടുപോവുക. നിങ്ങളുടെ പട്ടി പ്രധാനമല്ലാത്തതുകൊണ്ടല്ല ഇപ്രകാരം നിങ്ങൾ ചെയ്യുന്നത്. പിന്നെയോ നിങ്ങളുടെ ശിശു അതിനെക്കാൾ എത്രയോ അധികം പ്രധാനമായതുകൊണ്ടാണ്. ഇതുപോലെതന്നെ നമ്മുടെ ഉള്ളിലുള്ള ആത്മാവ് നമ്മുടെ ശരീരത്തെക്കാൾ വളരെയധികം പ്രാധാന്യമർഹിക്കുന്നതാണ്.

നിങ്ങളുടെ ആത്മാവിന്റെ ആവശ്യങ്ങളെപ്പറ്റി മുൻവിധിയില്ലാത്ത ഒരു മനുസ്സോടുകൂടി നിങ്ങൾ എന്നെങ്കിലും ചിന്തിച്ചിട്ടുണ്ടോ? മുൻവിധിയെന്നത് മനുഷ്യമനസ്സുകളെ അന്ധമാക്കുന്ന മാരകമായ ഒരു ദോഷമാണ്. അതു ദൈവത്തെക്കുറിച്ചും നമ്മുടെ ആത്മീയാവശ്യത്തെക്കുറിച്ചും ഈ ഭൂമിയിൽ നാം ജീവിക്കുന്നതിന്റെ കാരണത്തെക്കുറിച്ചുമുള്ള ഒരു പരിജ്ഞാനത്തിലേക്കു വരാൻ മനുഷ്യനെ അനുവദിക്കാതെ അവനെ തടയുന്നു. ധാരാളമാളുകൾ നേരത്തെ തന്നെ അവരുടെ മനസ്സിൽ സ്ഥാനം പിടിച്ചിട്ടുള്ള അബദ്ധധാരണകളോടും മുൻവിധികളോടും കൂടി ജീവിതത്തെ സമീപിക്കുക നിമിത്തം ജീവിതകാലം മുഴുവൻ തങ്ങളുടെ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുവാൻ കഴിയാതെ ഇരുട്ടിൽ ജീവിക്കേണ്ടിവരുന്നു.

മതത്തെക്കുറിച്ചും നിത്യതയെക്കുറിച്ചുമുള്ള സത്യത്തെ ഒരു തുറന്ന മനസ്സോടെ സമീപിക്കുവാൻ നിങ്ങൾ സന്നദ്ധനോ? നിങ്ങൾ എക്കാലവും സത്യമെന്നു വിശ്വസിച്ചിട്ടുള്ള കാര്യങ്ങളിൽനിന്നു വ്യത്യസ്തമാണ് ചില വസ്തുതകൾ എന്നു നിങ്ങൾ കണ്ടെത്തിയേക്കാം. എന്നാൽ ഇനി നാം മുന്നോട്ടുപോകുന്നതിനു മുമ്പുതന്നെ എന്തു വിലകൊടുത്തും സത്യമെന്തെന്നു മനസ്സിലാക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? ഇതിൽ നിങ്ങൾക്കു പരമാവധി ശുഷ്കാന്തിയുള്ള പക്ഷം സത്യം അറിയുവാൻ നിങ്ങൾക്കു കഴിയും. അല്ലാത്തപക്ഷം അത് അസാധ്യമായും തീരും. ദൈവത്തെ ജാഗ്രതയോടെ അന്വേഷിക്കുന്നവർക്കു ദൈവം പ്രതിഫലം നൽകുന്നുവെന്നു ബൈബിൾ പറയുന്നു. സത്യത്തെ തുറന്ന മനസ്സോടും പൂർണ്ണജാഗ്രതയോടും കൂടി അന്വേഷിക്കുന്ന ഏതൊരു പുരുഷനും സ്ത്രീക്കും കുട്ടിക്കും ദൈവത്തെപ്പറ്റിയും യേശുക്രിസ്തുവിനെപ്പറ്റിയുമുള്ള സത്യം ഗ്രഹിപ്പാൻ കഴിയും.

ഒരു മനുഷ്യൻ മരിക്കുമ്പോൾ അവന് എന്തു സംഭവിക്കുന്നു? മരണമെന്നതു മനുഷ്യാസ്തിത്വത്തിന്റെ ഒരന്ത്യമാണോ? ഒരിക്കലുമല്ല. മനുഷ്യന്റെ ഈ ഭൂമിയിലെ ജീവിതം നിത്യതയിലേക്കുള്ള ഒരു പടിവാതിൽ മാത്രമാണ്. ഇവിടെ ഈ ഭൂമിയിൽ നാം കഴിക്കുന്ന കാലം ഒരു തയ്യാറെടുപ്പു മാത്രമാണ്. ഈ കാലത്തു ദൈവം നമ്മെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ നിത്യത എങ്ങനെയുള്ളതായിത്തീരുമെന്നു നിർണ്ണയിക്കുന്ന ഒരു ഘട്ടമാണ് നമ്മുടെ ഭൗമികജീവിതം. നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിന്റെ യഥാർത്ഥനില ദൈവം അറിയുന്നു. നാം നല്ലവരോ ആകാത്തവരോ എന്ന കാര്യത്തിൽ നമ്മുടെ സ്നേഹിതന്മാരെ കബളിപ്പിക്കുവാൻ നമുക്കു കഴിഞ്ഞേക്കാം. എന്നാൽ ദൈവത്തെ കബളിപ്പിക്കുവാൻ നമുക്കു സാധ്യമല്ല. ദൈവത്തിന്റെ ദൃഷ്ടിയിൽ നാമെല്ലാം കുറ്റക്കാരാണ്. കാരണം, അവിടുത്തെ ഉന്നതവും വിശുദ്ധവുമായ നില

വാരത്തിൽനിന്നു നാമെല്ലാം കുറവുള്ളവരായിത്തീർന്നിരിക്കുന്നു. ദൈവവുമായി വിശുദ്ധസ്നേഹബന്ധം പുലർത്തുവാൻ സൃഷ്ടിക്കപ്പെട്ടവനാണ് മനുഷ്യൻ. ഈ ബന്ധം പുലർത്തുവാൻ അവനു സാധിക്കുന്നില്ലെങ്കിൽ ഭൂമിയിലെ തന്റെ ജീവിതത്തിന്റെ പ്രാഥമികലക്ഷ്യം നിറവേറ്റുന്നതിൽ അവൻ പരാജയപ്പെട്ടിരിക്കുന്നു. അവന്റെ പാപത്തിന്റെ കുറ്റബോധം നീക്കിക്കളയുന്നതുവരെയും അവനു ദൈവവുമായുള്ള വിശുദ്ധസ്നേഹബന്ധത്തിന്റെ സന്തോഷം അനുഭവിക്കുവാൻ സാധ്യമല്ല.

ദൈവം എങ്ങനെയുള്ളവൻ എന്നാണു നാം ചിന്തിക്കുന്നത്? ഈ ലോകത്തിലുള്ള ആളുകൾക്കു ദൈവത്തെപ്പറ്റി വിഭിന്നമായ ചിന്താഗതികളാണുള്ളത്. എന്നാൽ ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല. തന്മൂലം ദൈവത്തെപ്പറ്റിയുള്ള സ്വകീയങ്ങളായ ആശയങ്ങളെല്ലാം തന്നെ നിഷ്പ്രയോജനമാണ്. യേശുക്രിസ്തു സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നു ദൈവത്തെ മനുഷ്യനു വെളിപ്പെടുത്തിയെന്നു ബൈബിൾ പ്രസ്താവിക്കുന്നു. മനുഷ്യരൂപത്തിൽ വെളിപ്പെട്ട ദൈവം തന്നെയാണവിടുന്ന്. ഇതാണു സത്യം. യേശുക്രിസ്തു വിശുദ്ധിയും സ്നേഹവും നിറഞ്ഞ സത്യദൈവത്തെ വെളിപ്പെടുത്തിയിരിക്കുന്നു.

നമ്മുടെ പാപത്തിന്റെ കുറ്റം നമ്മിൽനിന്നു നീക്കിക്കളയുവാൻ എന്താണു മാർഗ്ഗം? ഒരു വലിയ പങ്ക് ആളുകൾക്കും തങ്ങളുടെ ജീവിതത്തിലുള്ള കുറ്റബോധം ഒരു വലിയ പ്രശ്നമായിത്തീർന്നിരിക്കുന്ന. അതിനൊരു പരിഹാരം അവർ കണ്ടെത്തുന്നില്ല. എന്നാൽ ഇതിന് ഒരുത്തരം യേശുക്രിസ്തുവിൽ ഉണ്ട്. എന്താണത്?

പാപത്തെക്കുറിച്ചു പശ്ചാത്തപിക്കുകയും ദുഃഖിക്കുകയും ചെയ്തതുകൊണ്ടുമാത്രം മതിയാകുകയില്ല. ഒരു ബാങ്കുകൊള്ളയിൽ ഒരു കോടതി എന്ന കുറ്റക്കാരനായി കണ്ടെത്തിയെന്നും എന്റെ പിതാവ് ആ കോടതിയിലെ ജഡ്ജിയാണെന്നും സങ്കല്പിക്കുക. ഞാൻ ചെയ്ത പാപത്തെപ്പറ്റി പശ്ചാത്തപിച്ചതിനാൽ മാത്രം എന്നെ വിട്ടയയ്ക്കുവാൻ ആ ജഡ്ജിക്കു സാധ്യമല്ല. എന്റെ പിതാവെന്ന നിലയിൽ അദ്ദേഹം എന്നെ സ്നേഹിക്കുന്നുണ്ടായിരിക്കും. എന്നാൽ അദ്ദേഹം അവിടെയിരിക്കുന്നത് ഒരു ജഡ്ജിയെന്ന നിലയിലാണ്. അതിനാൽ ഞാൻ പാശ്ചാത്തപിച്ചാലും ശരി, അദ്ദേഹത്തിന്റെ മകനായിരുന്നാലും ശരി, ഞാൻ ചെയ്ത കുറ്റത്തിന് എന്നെ ശിക്ഷിക്കുവാൻ അദ്ദേഹം ബാധ്യസ്ഥനാണ്.

നീതിമാനായ ഒരു ദൈവത്തിലാണു നാം വിശ്വസിക്കുന്നതെങ്കിൽ, അവിടുന്നു മനുഷ്യരെക്കാൾ കൂടുതൽ നീതിയുള്ളവനായിരിക്കണമെന്നു നാം തീർച്ചയായും അംഗീകരിക്കണം. അങ്ങനെയെങ്കിൽ നാം പാശ്ചത്തപിക്കുന്നതുകൊണ്ടുമാത്രം, അഥവാ അവിടുന്നു നമ്മെ സ്നേഹിക്കുന്നതുകൊണ്ടുമാത്രം, നമ്മെ വിട്ടയയ്ക്കുവാൻ അവിടുത്തേക്ക് എങ്ങനെ കഴിയും? അവിടുന്നു പൂർണ്ണമായും നീതിമാനാണ്. നീതിയനുസരിച്ചു ശിക്ഷയുണ്ടായേ തീരൂ.

എന്നാൽ കോടതിയിൽവച്ച് എന്റെ പിതാവിന് എന്നെ സഹായിപ്പാനായി ഒരു കാര്യം ചെയ്യാൻ കഴിയും. നിയമപ്രകാരം അദ്ദേഹം എനിക്കു നീതി അനുശാസിക്കുന്ന പൂർണ്ണമായ ശിക്ഷ കല്പിക്കും. അതിനുശേഷം എന്നോട്: നിനക്ക് ഒരു ലക്ഷം രൂപാ പിഴയിട്ടിരിക്കുന്നു" എന്ന് അദ്ദേഹം പറയും. അനന്തരം താൻ ക്ലേശിച്ചു സമ്പാദിച്ച പണത്തിൽനിന്ന് അദ്ദേഹം ഒരു ലക്ഷം രൂപാ എടുത്ത് എനിക്കു തന്നുകൊണ്ട് ഇപ്രകാരം പറയും: "മകനേ, ഇതാ പണം. പോയി നിന്റെ പഴയൊടുക്കി സ്വാതന്ത്ര്യം നേടിക്കൊള്ളുക". അദ്ദേഹം എന്താണു ചെയ്തതെന്നു നിങ്ങൾ ഗ്രഹിക്കുന്നുണ്ടോ? ഒരു ജഡ്ജിയെന്ന നിലയിൽ അദ്ദേഹം എന്നെ ശിക്ഷിച്ചു. അനന്തരം ഒരു പിതാവെന്ന നിലയിൽ താൻ തന്നെ ആ ശിക്ഷയേറ്റു. ഇതാണു ദൈവവും ചെയ്തിട്ടുള്ളത്. അവിടുന്ന് എല്ലാ മനുഷ്യവർഗ്ഗത്തോടും പറയുന്നു: "നിങ്ങൾ കുറ്റക്കാരാണ്. നിങ്ങൾ അർഹിക്കുന്ന ശിക്ഷ മരണശിക്ഷയുമാണ്." ഒരു ജഡ്ജിയെന്ന നിലയിൽ അവിടുന്നു നമ്മെ ശിക്ഷിക്കുന്നു. അതോടൊപ്പം അവിടുന്നു നമ്മെ സ്നേഹിക്കയാൽ യേശുക്രിസ്തുവിലൂടെ അവിടുന്നു താണിറങ്ങിവന്നു താൻ തന്നെ ആ ശിക്ഷയേൽക്കുകയും ചെയ്തിരിക്കുന്നു. ഇതിനുവേണ്ടിയാണ് നമ്മുടെ പാപത്തിന്റെ ശിക്ഷ വഹിക്കുവാൻ യേശുക്രിസ്തു മരിച്ചത്. ഇതു സത്യമാണെന്നതിനുള്ള തെളിവു കല്ലറയിൽനിന്നു മൂന്നു ദിവസത്തിനുശേഷം ക്രിസ്തു ജീവനുള്ളവനായി പുറത്തുവന്നു എന്നതുതന്നെ. യേശുക്രിസ്തു മരണത്തെ ജയിച്ചു. അവിടുന്നു ഇന്നും ജീവിക്കുന്നു.

ഇതു നാം വിശ്വസിക്കേണ്ട സത്യമാണ്. എന്നാൽ നാം ചെയ്യേണ്ടതായും ചിലതുണ്ട്. എന്റെ പിതാവു കോടതിയിൽ വച്ചു ഞാൻ കൊടുത്തുതീർക്കേണ്ട പണം വാഗ്ദാനം ചെയ്യുമ്പോൾ, അദ്ദേഹത്തിന്റെ കൈകളിൽ നിന്നു ഞാനതു സ്വീകരിക്കുന്നില്ലെങ്കിൽ എനിക്കു സ്വതന്ത്രനായിപ്പോകുവാൻ സാധ്യമല്ല. അതുപോലെ യേശുക്രിസ്തുവിൽ ദൈവ വാഗ്ദാനം ചെയ്യുന്ന പാപക്ഷമ ഞാൻ കൈക്കൊള്ളേണ്ടത് ആവശ്യമാണ്. നാമതു കൈക്കൊള്ളുന്നില്ലെങ്കിൽ നമുക്ക് അതിൽനിന്നുള്ള പ്രയോജനം ഒരിക്കലും നേടാൻ സാധ്യമല്ല. ദൈവം ഇന്നു നിങ്ങൾക്കു യേശുക്രിസ്തുവിൽ പാപക്ഷമ വാഗ്ദാനം ചെയ്യുന്നു. നിങ്ങൾ അതു സ്വീകരിക്കുമോ ഇല്ലയോ എന്ന കാര്യം നിങ്ങളാണു തെരഞ്ഞെടുക്കേണ്ടത്.

# അധ്യായം അഞ്ച്

# ദുശ്ശീലങ്ങളും നൈരാശ്യവും സംബന്ധിച്ച അദ്ഭുതസത്യങ്ങൾ

ലോകമെമ്പാടുമുള്ള ജനങ്ങൾ താഴെപ്പറയുന്ന നാലെണ്ണത്തിൽ ഒന്നോ അതിലധികമോ അന്വേഷിക്കുന്നവരാണ്: സുഖം, കീർത്തി, ധനം, അധികാരം.

എന്നാൽ ഇതിനെപ്പറ്റിയുള്ള ഒരു നിയമം നാമെല്ലാം കാലേകൂട്ടി അറിഞ്ഞിരുന്നാൽ നല്ലതാണ്. ആ

നിയമത്തെ അദായാവരോഹനിയമം എന്നു വിളിക്കാം. (ആദായം അഥവാ പ്രതിഫലം കുറഞ്ഞു വരിക എന്നാണ് ഈ വാക്കിന്റെ അർത്ഥം).

ഈ നിയമം എങ്ങനെ പ്രവർത്തിക്കുന്നു എന്നറിയുവാൻ ഒരു ദൃഷ്ടാന്തമെടുക്കാം. സുഖത്തിനുവേണ്ടിയുള്ള അന്വേഷണത്തെപ്പറ്റി ചിന്തിക്കുക. ആരംഭഘട്ടത്തിൽ ഒരു സുഖവസ്തു ചെറിയ അളവിൽ നാം ഉപയോഗിക്കുമ്പോൾ – അതു പുകയിലയോ മദ്യമോ റോക്ക് സംഗീതമോ മയക്കുമരുന്നോ അശ്ലീലസാഹിത്യമോ നിയമവിരുദ്ധമായ ലൈംഗികബന്ധമോ ഏതുമാകട്ടെ – ഒരളവിൽ ഗണ്യമായൊരു സുഖം അതു നമുക്കു നൽകുന്നു. ഒരിക്കൽ ഉപയോഗിച്ചു കഴിഞ്ഞാൽ ഈ വസ്തുക്കൾ തങ്ങളുടെ ഇരയുടെ മേൽ പിടി മുറുക്കുവാനാരംഭിക്കുന്നു. ഒടുവിൽ മനുഷ്യൻ അതിന്റെ അടിമയായും ആ സുഖത്തിന്റെ ഉത്തേജനം കൂടാതെ ജീവിക്കുവാൻ കഴിവില്ലാത്തവനായും തീരുന്നു.

മാത്രവുമല്ല, ഇതിനടിമയായിത്തീർന്ന വ്യക്തി പിന്നീട് അതുപയോഗിക്കുന്ന ഓരോ പ്രാവശ്യവും താൻ മുൻപ്രാവശ്യം ഉപയോഗിച്ച അളവിലുള്ള ദീപകവസ്തു അത്രയും സംതൃപ്തി തനിക്കു നൽകുന്നില്ലെന്നു മനസ്സിലാക്കുന്നു. മുൻപിലത്തെ അതേ അളവിലുള്ള സുഖം തനിക്കു ലഭിക്കണമെങ്കിൽ അയാൾ കുറെക്കൂടി കൂടിയ ഒരു ഡോസ് ഉപയോഗിച്ചേ മതിയാവൂ എന്നു വരുന്നു. ഇതാണ് ആദായവരോഹനിയമം. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടുന്ന വ്യക്തിയുടെ കാര്യത്തിൽ അയാളുടെ ശരീരവും മനസ്സും അന്തിമമായി നശിക്കുവാനിടയാകുന്നു. അശ്ലീലസാഹിത്യത്തിനും സെക്സിനും അടിമയാകുന്ന വ്യക്തി സാധാരണ നിലയിലുള്ള ലൈംഗികബന്ധത്തിൽനിന്നു വിലക്ഷണതകളിലേക്കു വഴുതിപ്പോകയും മനുഷ്യനെക്കാൾ താണ, മൃഗീയമായ, ഒരവസ്ഥയിൽ പലപ്പോഴും എത്തിച്ചേരുകയും ചെയ്യുന്നു. ഓരോ കേസിലും അതിന് അടിമയായിത്തീരുന്ന വ്യക്തി ആപ്പൂരിയ കുരങ്ങനെപ്പോലെ മോചനമില്ലാത്തവിധം കുടുങ്ങിപ്പോകയാണു ചെയ്യുന്നത്.

ശാസ്ത്രം, സംഗീതം എന്നിവയുടെ മേഖലകളിൽനിന്നു ലഭിക്കുന്ന സംതൃപ്തിയുടെ കാര്യത്തിലും, ഇവ കൂടുതൽ സാംസ്കാരിക സുഖാന്വേഷണമാർഗ്ഗങ്ങളാണെങ്കിൽപ്പോലും, ഒരു കാര്യം ശരിയാണ്: അവയും ആദായവരോഹനിയമത്തിനധീനം തന്നെ.

കീർത്തി, ധനം, അധികാരം എന്നിവയുടെ അന്വേഷണത്തിലും, ഇവയുടെ മാർഗ്ഗം ഒരുപക്ഷേ മയക്കുമരുന്ന്, സെക്സ് എന്നിവയോളം മ്ലേച്ഛമല്ലെന്നിരുന്നാൽപ്പോലും, ഈ നിയമം ഇതേ തരത്തിൽത്തന്നെ പ്രവർത്തിക്കുന്നു. അവ തങ്ങൾക്കിരയായ വ്യക്തിയെ അടിമയാക്കിത്തീർക്കുകയും ഒടുവിൽ നശിപ്പിക്കുകയും ചെയ്യുന്നു.

കീർത്തിയുടെ അന്വേഷണത്തെപ്പറ്റിത്തന്നെ ചിന്തിക്കുക. സ്കൂൾവിദ്യാഭ്യാസകാലത്തു തങ്ങളുടെ സ്നേഹിതന്മാർക്കിടയിൽ ജനപ്രീതിയാർജ്ജിക്കുവാനുള്ള ശ്രമമായിട്ടാണ് ഇതാരംഭിക്കുന്നത്. പിന്നീട് പ്രശസ്തിക്കുവേണ്ടിയുള്ള ഈ അന്വേഷണം – അതു കായികാഭ്യാസം, സിനിമ, സ്പോർട്ട്സ് എന്നിങ്ങനെ ഏതു രംഗത്തായാലും ശരി – ഒരു തലത്തിൽനിന്നു വേറൊന്നിലേക്കു ഉയർന്നുയർന്നു പോകുന്നു. നഗരാതിർത്തിക്കുള്ളിൽ പ്രശസ്തി നേടിയ വ്യക്തി രാജ്യാതിർത്തി വരെയുള്ള കീർത്തിയും പിന്നീട് അഖിലലോകപ്രശസ്തിയും ആഗ്രഹിക്കുന്നു. ഈ അന്വേഷണവ്യഗ്രതയിൽ ഒരു വ്യക്തിക്ക് ഉദരത്തിൽ അൾസർ ഉണ്ടാകുവാനുള്ള സാധ്യതയുണ്ട്. തന്റെ ഉയർച്ചയ്ക്കുവേണ്ടി അയാൾ ചിലപ്പോൾ ധാർമ്മികപ്രമാണങ്ങളെ ബലികഴിച്ചെന്നുവരാം. മറ്റൊരാളെ നശിപ്പിച്ചുകൊണ്ട് അയാൾക്കുമീതേ ഉയർന്ന സ്ഥാനം ലഭിക്കുവാൻ ശ്രമിച്ചെന്നും വരാം. എല്ലാം കഴിഞ്ഞ് ഒടുവിൽ അയാൾക്കു ലഭിക്കുന്ന പ്രതിഫലം എന്താണ്? ഇനി കീഴടക്കേണ്ട ഉന്നതികൾ ഒന്നുമില്ലെന്നാകുമ്പോൾ അയാൾ നിരാശാഹതനാകുന്നു. അനേകം സിനിമാതാരങ്ങളും മറ്റു പ്രശസ്തവ്യക്തികളും തങ്ങൾക്കു ജനപ്രീതിയുണ്ടായിരിക്കെത്തന്നെ ആന്തരികമായ നൈരാശ്യത്തിനടിപ്പെട്ട് ആത്മഹത്യ ചെയ്യുവാൻ ഇടയായിട്ടുണ്ട്.

സാമ്പത്തികരംഗത്ത് ഈ നിയമം എങ്ങനെ പ്രവർത്തിക്കുന്നു എന്നാലോചിക്കുക. ആരംഭഘട്ടത്തിൽ ഒരു മനുഷ്യൻ ഉപജീവനത്തിനൊരു മാർഗ്ഗം കണ്ടെത്തുവാൻ മാത്രമായി ഒരു വ്യാപാരം ആരംഭിച്ചെന്നു വരാം. എന്നാൽ ക്രമേണ അവന്റെ കുടുംബാവശ്യങ്ങൽക്കപ്പുറമായി ലാഭം വർദ്ധിക്കുന്നതോടെ തന്റെ വ്യാപാരസാമ്രാജ്യം വികസിപ്പിക്കുവാനുള്ള മാർഗ്ഗങ്ങൾ അയാൾ അന്വേഷിക്കുന്നു. അങ്ങനെ ഒരിക്കലും അവസാനിക്കാത്തവിധം ധനത്തിനുവേണ്ടിയുള്ള ഒരു നെട്ടോട്ടം ആരംഭിക്കുന്നു. ഓരോ മനുഷ്യന്റെയും ആവശ്യങ്ങൾ സാധിച്ചുകൊടുക്കുവാൻ പര്യാപ്തമായ ഭൗതികവിഭവങ്ങൾ ഈ ഭൂമിയിൽ ഉണ്ടെങ്കിൽപ്പോലും ഒരൊറ്റ വ്യക്തിയുടെപോലും അതിലോഭത്തെ തൃപ്തിപ്പെടുത്താൻ പോന്ന വിഭവസമൃദ്ധി ഈ ലോകത്തിലില്ല. പണത്തിനും ഭൗതികവസ്തുക്കൾക്കും ഒരു മനുഷ്യനെ അതിന്റെ പിടിയിലമർത്തി ജീവിതത്തിൽ ഒരിക്കലും സംതൃപ്തി കണ്ടെത്തുവാൻ കഴിയാത്തവനാക്കി മാറ്റുവാനുള്ള ഒരു ശക്തിയുണ്ട്. തന്റെ ജീവിതത്തെയും കുടുംബത്തെയും സന്തുഷ്ടമാക്കുവാൻ മതിയായതെന്ന് ഒരുവൻ കരുതുന്ന ഭൗതികസമൃദ്ധി ഈ ഘട്ടത്തിൽ അവനു സംതൃപ്തി നൽകുന്നില്ല. ഇവിടെയും ആദായാവരോഹനിയമം പ്രവർത്തിക്കുന്നു. ധനസമൃദ്ധിമൂലം അയാൾ നേടിയ ഉയർന്നതരം ഇലക്ട്രോണിക് ഉപകരണങ്ങൾ, വിശിഷ്ടഭോജ്യങ്ങൾ, യാത്ര ചെയ്കയും പുതിയ സ്ഥലങ്ങൾ കാണുകയും ചെയ്യുന്നതിന്റെ രസം, ഉയർന്ന നിലവാരത്തിലുള്ള സാമൂഹ്യജീവിതം എന്നിവയെല്ലാം അയാൾക്കു നൽകിയിരുന്ന സംതൃപ്തി അടിയ്ക്കടി കുറഞ്ഞുവരുന്നു. അവയെല്ലാം പൊള്ളയായും ശൂന്യമായും അയാൾക്കു തോന്നുന്നു. തനിക്കു കുറച്ചുമാത്രം പണമുണ്ടായിരുന്ന കാലത്തു താൻ കൂടുതൽ സന്തുഷ്ടനും മനസ്സംഘർഷം കുറഞ്ഞവനുമായിരുന്നുവെന്ന് അയാൾ മനസ്സിലാക്കുന്നു. തനിക്കു ലഭിച്ചിരുന്ന ഭൗതികസുഖവും കുറഞ്ഞുപോയെന്ന് അയാൾ കണ്ടെത്തുന്നു. “ഒരുത്തനു സമൃദ്ധിയുണ്ടായാലും അവന്റെ വസ്തുവകയല്ല അവന്റെ ജീവന് ആധാരമായിരിക്കുന്നത്” എന്നു കർത്താവായ യേശുക്രിസ്തുവിന്റെ വചനം സത്യമെന്ന് ഇതു തെളിയിക്കുന്നു.

രാഷ്ട്രീയരംഗത്തോ മറ്റേതെങ്കിലും രംഗങ്ങളിലോ അധികാരമോ സ്ഥാനമാനങ്ങളോ അന്വേഷിക്കുന്ന വരുടെ കാര്യത്തിൽ ഈ നിയമം എപ്രകാരം പ്രവർത്തിക്കുന്നുവെന്ന് ഇനി ആലോചിക്കുക. ഉദാഹരണമായി രാഷ്ട്രീയരംഗത്ത് ഒരിക്കൽ പാർലമെന്റ് അംഗമായി തെരഞ്ഞെടുക്കപ്പെട്ട ഒരു മനുഷ്യൻ ഇപ്പോൾ അതു കൊണ്ടു തൃപ്തിപ്പെടുന്നില്ല. ഒരു മന്ത്രിസ്ഥാനത്തിന്മേലാണ് ഇപ്പോൾ അയാൾ കണ്ണുവച്ചിരിക്കുന്നത്. രാജ്യത്തെ ഏറ്റവും ഉന്നതമായ സ്ഥാനത്ത് എത്തിച്ചേർന്നാൽ പോലും താൻ പിന്നെയും നിരാശനും അസ്വ സ്ഥനുമായി തുടരുന്നുവെന്ന് അയാൾ കണ്ടെത്തുന്നു. "മുടി ചൂടിയ ശീർഷമെപ്പോഴും കഠിനാസ്വസ്ഥതയിൽ ശയിപ്പൂ ഹാ!" എന്നാണല്ലോ ആപ്തവചനം. താൻ അജ്ഞാതനായിരുന്ന കാലത്ത് ഒരിക്കലും ഒരു കൊല യാളിയുടെ കൈയാൽ മരിപ്പാനിടയാകുമെന്ന ഭീതി അയാളെ പീഡിപ്പിച്ചിരുന്നില്ല.

ഈ എല്ലാ രംഗങ്ങളിലും ഇത് ഇപ്രകാരമായിരിക്കുന്നത് എന്തുകൊണ്ട്?

നമ്മിൽ ഓരോരുത്തരിലും ദൈവത്തിനുമാത്രം നിറയ്ക്കാവുന്ന ഒരു ശൂന്യസ്ഥാനമുണ്ട്. സുഖം, പ്രശ സ്തി, ധനം, അധികാരം എന്നിവകൊണ്ട് ഈ ശൂന്യസ്ഥാനത്തെ നിറയ്ക്കുവാൻ മനുഷ്യൻ എല്ലായ്പ്പോഴും കിണഞ്ഞു പരിശ്രമിക്കുകയാണ്. എന്നാൽ അതൊരു നിഷ്ഫലപ്രയത്നമാണ്. അതിന്റെ അന്തിമഫലം നൈരാശ്യം തന്നെ. നമുക്കൊരിക്കലും സംതൃപ്തിലഭിക്കുന്നില്ല എന്നതു തന്നെ അതിനു കാരണം.

ദൈവം നിത്യതയെ മനുഷ്യഹൃദയത്തിൽ സ്ഥാപിച്ചിരിക്കുന്നതായി ബൈബിൾ പറയുന്നു. "ദൈവമേ, നീ ഞങ്ങളെ നിനക്കായിത്തന്നെ നിർമ്മിച്ചിരിക്കുന്നു; നിന്റെ അടുക്കലെത്തി നിന്നിൽ വിശ്രമം കണ്ടെത്തുന്ന തുവരെയും ഞങ്ങളുടെ ഹൃദയങ്ങൾക്കു വിശ്രമമില്ല" എന്ന് അഗസ്റ്റീൻ പറഞ്ഞിട്ടുള്ളത് എത്ര പരമാർത്ഥം!

ഈ ലോകത്തിൽ ഉന്നതവും ആകർഷകവുമായ എല്ലാറ്റിന്റെമേലും ദൈവം തന്നെ വച്ചിട്ടുള്ള ഒരു നിയ മമാണ് ആദായാവരോഹനിയമം. താൻ നിത്യതയുടെ ഒരു സൃഷ്ടിയാണെന്നു മനുഷ്യൻ മനസ്സിലാക്കുന്നതി നുവേണ്ടിയാണ് അവിടുന്ന് അപ്രകാരം ചെയ്തിട്ടുള്ളത്. ദൈവത്തിന്റെ പരിശുദ്ധാത്മാവിനാലല്ലാതെ നിറ യ്ക്കപ്പെടുവാനാവാത്ത ഒരാത്മീയ ശൂന്യസ്ഥാനവുമായിട്ടാണ് അവിടുന്നു മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത്.

എന്നാൽ രുചികരമായ ഒരു പാനീയം ഒരു പാത്രത്തിൽ നിറയ്ക്കുന്നതിനു മുമ്പ് ആ പാത്രം ശുചിയാ ക്കേണ്ടിയിരിക്കുന്നതുപോലെ നമ്മുടെ ഹൃദയങ്ങൾ ദൈവാത്മാവിനാൽ നിറയ്ക്കപ്പെടുന്നതിനുമുമ്പ് അതു പാപമാലിന്യങ്ങളിൽനിന്നു ശുദ്ധീകരിക്കപ്പെടേണ്ടതാവശ്യമാണ്. നമ്മുടെ ഹൃദയങ്ങളെ ശുദ്ധീകരിച്ചു പൂർണ്ണ നിർമ്മലമാക്കിത്തീർക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് യേശുക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി ക്രൂശി ന്മേൽ മരിച്ചത്.

യേശുക്രിസ്തുവിനെ നമ്മുടെ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും അധീശനായി അംഗീകരിക്കു മ്പോൾ മാത്രമേ നമ്മുടെ ഹൃദയങ്ങളിലെ എല്ലാ അസ്വസ്ഥകളെയും ജയിക്കുവാൻ കഴിവുള്ള യഥാർത്ഥവും ശാശ്വതവുമായ സംതൃപ്തി നാം കണ്ടെത്തുകയുള്ളൂ.

# അധ്യായം ആറ്
# അന്തിമ ന്യായവിധിയെപ്പറ്റിയുള്ള അദ്ഭുതസത്യങ്ങൾ

ഈ ഭൂമിയിലെ നമ്മുടെ ജീവിതം ഒരപൂർണ്ണകഥയാണ്. മരണത്തിലേക്കുള്ള ഒരനുക്രമ പ്രയാണമായി ജീവിതത്തെ കരുതാം. നാൾ കഴിയുംതോറും ഈ പ്രയാണം ശ്മശാനത്തിൽ ചെന്നവസാനിക്കുന്ന ആ അന്ത്യ ദിനത്തോടു സമീപിച്ചുകൊണ്ടിരിക്കുന്നു. മരണത്തോടുകൂടി ബാഹ്യാകാശത്തിലേക്കുയരുന്ന ഒരു റോക്കററു പോലെ നാം ഈ ഭൂമിയോടു യാത്ര പറയുന്നു. എന്താണു മരണം? നമ്മുടെ ദേഹിയും ആത്മാവും ശരീര ത്തിൽനിന്നു വേർപെടുന്ന ഒരു വേർപാടാണത്. ആ സമയത്തുള്ള പ്രധാന ചോദ്യം ഇതാണ്: എവിടേക്കാണു നാം പോകുന്നത്? നിങ്ങളുടെ ലക്ഷ്യസ്ഥാനമേതെന്നു നിങ്ങൾ അറിയുന്നുണ്ടോ?

മരണാനന്തരജീവിതം ഈ ഭൂമിയിലെ ജീവിതത്തെക്കാൾ കൂടുതൽ പ്രധാനമാണ്. നിത്യത കാലത്തെ ക്കാളധികം പ്രധാനമാണ്. ഭൂമിയിൽവച്ചു നാം എവിടെ, എങ്ങനെ സമയം ചെലവഴിക്കുന്നു എന്നതിനെക്കാൾ അധികം പ്രധാനമാണ് നിത്യത നാം എവിടെ ചെലവിടുന്നു എന്നത്. മൂഢനായ മനുഷ്യൻ ഹ്രസ്വദൃഷ്ടിയാ ണ്. തന്മൂലം ഈ ജീവിതത്തെക്കുറിച്ചു മാത്രമേ അവൻ ചിന്തിക്കുന്നുള്ളൂ. എന്നാൽ ജ്ഞാനിയായ മനു ഷ്യൻ ഭാവിയിലേക്കു നോക്കി നിത്യതയ്ക്കായി ഒരുക്കം ചെയ്യുന്നു.

ഇതിനു ദൃഷ്ടാന്തമായി ഒരു യുവാവിന്റെ കഥ ചിന്തിക്കുക. ലക്ഷക്കണക്കിനു രൂപയുടെ സ്വത്തുള്ള യുവാവ് ബാംഗ്ലൂരിൽവന്നു താമസമുറപ്പിക്കുവാൻ തീരുമാനിച്ചുവെന്നു കരുതുക. അവിടേയ്ക്കുള്ള യാത്ര യ്ക്കുള്ളിൽ അയാൾ രണ്ടു ദിവസം മുംബൈയിൽ ചെലവഴിക്കുന്നു. ആ രണ്ടു ദിവസത്തിനുള്ളിൽ അയാൾ പണം കണ്ടമാനം ചെലവഴിക്കുകയും ചൂതാട്ടത്തിലേർപ്പെട്ടു തന്റെ സമ്പത്തു മുഴുവൻ ധൂർത്തടിച്ചു നശിപ്പി ക്കുകയും ചെയ്യുന്നു. അവസാനമായി അയാൾ ബാംഗ്ലൂരിലെത്തുമ്പോൾ കൈവശം പണമൊന്നുമില്ലാതായി ത്തീരുകയും ശേഷിച്ച അറുപതുവർഷം ആ പട്ടണത്തിലെ തെരുവുകളിൽ ഭിക്ഷയാചിച്ചും തലചായിക്കാനിട മില്ലാതെയും ജീവിക്കേണ്ടിവരികയും ചെയ്യുന്നു.

ഇത്തരമൊരു മനുഷ്യനു നിങ്ങൾ എന്തു പേർ കൊടുക്കും? തീർച്ചയായും 'ഭോഷൻ' എന്നു തന്നെ. ഈ ലോകജീവിതത്തെക്കുറിച്ചു മാത്രം ചിന്തിക്കുകയും നിത്യതയെ അവഗണിക്കുകയും ചെയ്യുന്ന ഒരു മനു ഷ്യൻ ഇതിലും വലിയ ഭോഷനാണ്. എന്തെന്നാൽ ഈ ലോകത്തിലെ നമ്മുടെ ജീവിതകാലം 100 വർഷമാ യിരുന്നാൽ പോലും നിത്യതയോടു താരതമ്യപ്പെടുത്തുമ്പോൾ അത് ഒരു നിമിഷത്തിന്റെ ചെറിയൊരംശം

മാത്രമാണ്.

നാമെല്ലാവരും നമ്മുടെ ഇഹലോകജീവിതത്തെപ്പറ്റി ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ട ഒരു ദിവസം വരുന്നതായി ബൈബിൾ പറയുന്നു. ഈ ഭൂമിയിൽ മനുഷ്യചരിത്രത്തിന്റെ അനേകമനേകം നൂറ്റാണ്ടുകളിലൂടെ ജീവിച്ചിരുന്നിട്ടുള്ള കോടിക്കണക്കിനു മനുഷ്യരെപ്പറ്റി ചിന്തിക്കുമ്പോൾ ഓരോ മനുഷ്യനും തന്റെ ജീവിതകാലത്തു ചെയ്കയും പറകയും ചിന്തിക്കയും ചെയ്തിട്ടുള്ള എല്ലാറ്റിന്റെയും ഒരു കണക്കു ദൈവം എപ്രകാരമാണു സൂക്ഷിക്കുന്നതെന്നോർത്തു നാം അദ്ഭുതപ്പെട്ടേക്കാം. ഓരോ മനുഷ്യന്റെയും ഓർമ്മശക്തി ഇതിന്റെ കണക്കു സൂക്ഷിക്കുന്നുണ്ട്.

നാം ചെയ്കയും പറകയും ചിന്തിക്കയും ചെയ്യുന്ന എല്ലാറ്റിനെയും സത്യസന്ധമായി രേഖപ്പെടുത്തുന്ന ഒരു വിഡിയോ റ്റേപ്പുപോലെയാണ് നമ്മുടെ ഓർമ്മശക്തി. അതു നമ്മുടെ ആന്തരികമനോഭാവങ്ങളെയും ഉദ്ദേശ്യങ്ങളെയും കൂടി രേഖപ്പെടുത്തുന്നു. ഒരു മനുഷ്യൻ മരിക്കുമ്പോൾ അവൻ തന്റെ ശരീരത്തെ ഈ ഭൂമിയിൽ വെടിയുന്നുവെങ്കിലും അവന്റെ ഓർമ്മശക്തി അവന്റെ ദേഹിയുടെ ഒരു ഭാഗമാകയാൽ ആ ദേഹിയോടൊപ്പം മൃതാത്മാക്കളുടെ മണ്ഡലത്തിൽ ചെന്നെത്തുന്നു. അവസാനമായി ന്യായവിധിദിവസം വരുമ്പോൾ ഭൂമിയിലെ തന്റെ മുഴുവൻ ജീവിതത്തിന്റെയും കണക്കു ബോധിപ്പിക്കുവാനായി അവൻ ദൈവമുമ്പാകെ നിൽക്കേണ്ടിവരുന്നു.

ആ ദിവസത്തിൽ ന്യായവിധിക്കായി ഓരോ വ്യക്തിയുടെയും മുറ വരുമ്പോൾ ദൈവത്തിന് അയാളുടെ കണക്കു കേൾക്കുവാനായി അയാളുടെ തന്നെ ഓർമ്മശക്തിയുടെ വിഡിയോ റ്റേപ്പു തിരിച്ചുവച്ചു കേൾപ്പിക്കുകയോ ചെയ്യേണ്ടതുള്ളൂ. ആ പരിശോധനയുടെ സൂക്ഷ്മത ആർക്കും ചോദ്യം ചെയ്യുവാൻ സാധ്യമല്ല. കാരണം, അയാളുടെ തന്നെ ഓർമ്മശക്തി തന്റെ ഇഹലോകജീവിതത്തിലെ വിശദാംശങ്ങളെ തിരിഞ്ഞുനോക്കുകയാവും അവിടെ ചെയ്യുന്നത്.

ഇന്നു മനുഷ്യൻ അണിഞ്ഞിട്ടുള്ള മാന്യതയുടെയും മതഭക്തിയുടെയും പുറംചട്ട അന്നു വലിച്ചു മാററപ്പെടുകയും യഥാർത്ഥത്തിലുള്ള ആന്തരികമനുഷ്യൻ ഏതു വിധമുള്ളവനെന്നതു വെളിപ്പെടുകയും ചെയ്യും. അന്നു മതഭക്തി ആരെയും രക്ഷിക്കുകയില്ല. എന്തെന്നാൽ ഓരോരുത്തനും ഏതൊരു തരത്തിൽ ജനിച്ചവനായാലും, ഏതു മതം അവലംബിച്ചു ജീവിച്ചവനായാലും, എല്ലാവരും പാപം ചെയ്തുവെന്ന കാര്യം വ്യക്തമായി വെളിപ്പെടും. നാം ചെയ്ത നന്മപ്രവൃത്തികളും ദരിദ്രർക്കോ പള്ളിക്കോ അമ്പലത്തിനോ മോസ്കിനോ പണം ദാനം ചെയ്തതും അന്ന് ഒരുവനെയും രക്ഷിക്കയില്ല. കാരണം, ഈ മതാനുഷ്ഠാനങ്ങൾക്കൊന്നിനും നമ്മുടെ പാപത്തിന്റെ രേഖയെ നശിപ്പിക്കുവാൻ സാധ്യമല്ല.

ആ നൃയവിധി ദിവസത്തിൽ നാം ചെയ്തതും പറഞ്ഞതും ചിന്തിച്ചതുമായ ദോഷങ്ങളുടെ ആ രേഖ നമുക്കെതിരേ വിഡിയോ റ്റേപ്പുപോലെ സാക്ഷ്യം പറയാതെ അതിനെ സ്ഥിരമായിത്തന്നെ മായിച്ചുകളയുവാൻ ഒരൊറ്റ മാർഗ്ഗമെയുള്ളു. നമ്മുടെ നന്മപ്രവൃത്തികൾ ദോഷപ്രവൃത്തികളെ മായിച്ചുകളകയില്ല. നാം ചെയ്ത പാപങ്ങൾക്കു ന്യായവും നീതിയുക്തവുമായ ഒരു ശിക്ഷ നൽകേണ്ടി വരും. പാപത്തിനു ദൈവികനിയമപ്രകാരം ഒരൊറ്റ ശിക്ഷ മാത്രമാണ് ഉള്ളതെന്നു ബൈബിൾ പറയുന്നു. അതു നിത്യമരണമാണ്. നമ്മുടെ പാപങ്ങൾക്കുവേണ്ടി നാമെല്ലാം അർഹിക്കുന്ന ശിക്ഷ ഈ മരണം തന്നെയാണ്.

ഈ ശിക്ഷയിൽനിന്നു നമ്മെ വിടുവിക്കാനാണ് ദൈവപുത്രനായ യേശുക്രിസ്തു ഏകദേശം 2000 വർഷങ്ങൾക്കുമുമ്പ് സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കു വരികയും യെരുശലേമിനുപുറത്ത് ഒരു കുരിശിൽ മരിക്കയും ചെയ്തത്. അവിടെ അവിടുന്നു മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾക്കുവേണ്ടിയുള്ള ദൈവശിക്ഷയെ – എല്ലാ മതവിഭാഗങ്ങളിലും പെട്ട എല്ലാ മനുഷ്യരും അനുഭവിക്കേണ്ട ശിക്ഷയെത്തന്നെ – തന്റെ മേൽ ഏറ്റെടുത്തു. അടുത്തുള്ള ഒരു കല്ലറയിൽ അവിടുന്നു അടക്കപ്പെട്ടു. താൻ വാസ്തവത്തിൽ ദൈവപുത്രനാണെന്നും മനുഷ്യന്റെ ഏറ്റവും വലിയ ശത്രുവായ മരണത്തെ ജയിക്കുവാൻ തനിക്കു സാധ്യമാണെന്നും തെളിയിച്ചുകൊണ്ടു മൂന്നാംദിവസം അവിടുന്നു മരിച്ചവരിൽനിന്നു ജീവിച്ചെഴുന്നേറ്റു. നാൽപതു ദിവസത്തിനുശേഷം ഒട്ടധികം പേർ അവിടുത്തെ നോക്കിക്കൊണ്ടിരിക്കയിൽത്തന്നെ, സകല മനുഷ്യരെയും ന്യായം വിധിക്കുവാൻ ദൈവത്തിന്റെ നിയമിക്കപ്പെട്ട സമയത്തു താൻ ഭൂമിയിലേക്കു തിരിയെ വരുമെന്നു വാഗ്ദാനം ചെയ്തുകൊണ്ട് അവിടുന്നു സ്വർഗ്ഗാരോഹണം ചെയ്തു. ആ വാഗ്ദാനം അവിടുന്നു നൽകിയശേഷം ഇപ്പോൾ 1960-ൽ പരം വർഷങ്ങൾ കടന്നുപോയിരിക്കുന്നു. ഭൂമിയിലേക്കുള്ള അവിടുത്തെ തിരിച്ചുവരവിന്റെ സമയം ഇപ്പോൾ ആസന്നമായിരിക്കുന്നു. ഈ ദിവസങ്ങളിലൊന്നിൽ സ്വർഗ്ഗത്തിൽനിന്ന് അവിടുന്ന് ആകാശത്തിൽ പ്രത്യക്ഷനാകുന്നതു നാം കാണും.

ചരിത്രത്തിൽ മനുഷ്യവർഗ്ഗത്തിന്റെ പാപത്തിനുവേണ്ടി മരണമടഞ്ഞിട്ടുള്ള ഏകവ്യക്തി യേശുക്രിസ്തുവാണ്. മരണത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റ ഏക വ്യക്തിയും അവിടുന്നു തന്നെ. ഈ രണ്ടു കാര്യങ്ങളിൽ യേശുക്രിസ്തു നിസ്തുല്യനത്രേ.

ഇന്നു നാം യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തുവെന്ന വിശ്വാസത്തോടെ നമ്മുടെ പാപങ്ങളിൽനിന്നു വിട്ടുമാറി അവയെക്കുറിച്ചനുതപിച്ച് യേശുക്രിസ്തു മൂലം നമ്മോടു ക്ഷമിക്കുവാൻ ദൈവത്തോടപേക്ഷിക്കുന്നപക്ഷം അവിടുന്നു നമ്മുടെ പാപങ്ങൾ ക്ഷമിക്കുകയും ആ വിഡിയോ റ്റേപ്പിൽനിന്ന് അവയെ മായിച്ചുകളയുകയും ചെയ്യും.

എന്നാൽ ഇതുമാത്രമല്ല ദൈവം നമുക്കു വാഗ്ദാനം ചെയ്തിട്ടുള്ളത്. തന്റെ ആത്മാവിലൂടെ അവിടുന്നു നമ്മുടെ ഹൃദയങ്ങളിൽ വസിക്കുമെന്നും നമ്മുടെ പാപസ്വഭാവങ്ങളുടെമേൽ തന്റെ ആത്മാവു മുഖേന വിജയം കരസ്ഥമാക്കുവാനുള്ള ശക്തി നമുക്കു നൽകുമെന്നുംകൂടി അവിടുന്നു വാഗ്ദാനം ചെയ്യുന്നു. ഇപ്രകാരം നമ്മുടെ ഓർമ്മയുടേതായ വിഡിയോ റ്റേപ്പു വരുന്ന ദിവസങ്ങളിൽ നിർമ്മലതയുടേയും വിശുദ്ധിയു

ടേയും നന്മയുടേതുമായ ഒരു രേഖയായിത്തീരും.

മനുഷ്യവർഗ്ഗത്തിനുവേണ്ടി ദൈവം നിയമിച്ചിട്ടുള്ള ഏക രക്ഷാമാർഗ്ഗം ഇതാണ്. ഇതു നാം കരസ്ഥമാക്കുന്നില്ലെങ്കിൽ പിന്നീടുള്ള ഏക പോംവഴി ന്യായവിധി നാളിൽ നമ്മുടെ ഓർമ്മയുടെ വിഡിയോ റ്റേപ്പിലൂടെ ദൈവം നമ്മുടെ പാപങ്ങളുടെ രേഖയെ വെളിപ്പെടുത്തുന്നതിനെ നാം അഭിമുഖീകരിക്കുക എന്നതാണ്. ഈ സത്യം അറിയുകയും സകല പാപികൾക്കുമായി അഗ്നിനരകത്തിൽ ദൈവം നിയമിച്ചിട്ടുള്ള നിത്യശിക്ഷാവിധിയുടെ ഭയാനകത നമുക്കു ബോധ്യമാവുകയും ചെയ്യുമ്പോൾ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി ദൈവം നിയമിച്ചിട്ടുള്ള ഏകമാർഗ്ഗത്തെപ്പറ്റി എല്ലാവർക്കും സ്നേഹപൂർവം മുന്നറിയിപ്പു നൽകുക എന്നതു നമ്മുടെ കടമയായിത്തീരുന്നു.

# അധ്യായം എഴ്
# ചരിത്രത്തിലെ ഏറ്റവും വലിയ സംഭവത്തെ സംബന്ധിച്ച അദ്ഭുതസത്യങ്ങൾ

കർത്താവായ യേശുക്രിസ്തുവിന്റെ മരണവും ഉയിർത്തെഴുന്നേൽപുമാണ് ലോകചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ടു സംഭവങ്ങൾ. ക്രിസ്തീയവിശ്വാസത്തിന് അടിസ്ഥാനമായിരിക്കുന്ന രണ്ടു കേന്ദ്രവസ്തുതകളും അവ തന്നെ.

കാൽവറി ക്രൂശിൽ സംഭവിച്ച ക്രിസ്തുവിന്റെ മരണത്തിൽനിന്നു നമുക്കു പഠിക്കുവാൻ സാധിക്കുന്നതായി കുറഞ്ഞപക്ഷം നാലു വ്യക്തമായ സത്യങ്ങൾ ഉണ്ട്.

**1 മരണത്തിനുശേഷം ഒരു ജീവിതമുണ്ട്**

ഇപ്പോഴുള്ള ഈ ജീവിതം മാത്രമാണ് ആകെക്കൂടിയുള്ളതെങ്കിൽ യേശുക്രിസ്തു ഒരിക്കലും മരിക്കയില്ലായിരുന്നു. ദൈവികമായ ശക്തി അവിടുത്തേക്ക് ഉണ്ടായിരുന്നു. അതിനാൽ താനാഗ്രഹിച്ചിരുന്നുവെങ്കിൽ ശത്രുക്കളുടെ കൈയിൽ നിന്നു നിഷ്പ്രയാസം അവിടുത്തേക്കു രക്ഷപ്പെടാമായിരുന്നു. അവർ തന്നെ ക്രൂശിൽ തറയ്ക്കുവാൻ ഇടയാകുമാറ് അവിടുന്ന് തന്നെത്തന്നെ അവരുടെ പക്കൽ ഏല്പിച്ചുകൊടുക്കേണ്ട ആവശ്യം യേശുവിന് ഉണ്ടായിരുന്നില്ല.

മരണാനന്തരജീവിതത്തെയും മനുഷ്യദേഹി മരണത്തോടുകൂടിത്തന്നെ നിത്യതയിലേക്കു പ്രവേശിക്കുന്നതിനെയും സംബന്ധിച്ച യാഥാർത്ഥ്യം, തന്നോടു കൂടി ക്രൂശിക്കപ്പെട്ട കള്ളന്മാരിൽ ഒരുവനോടു യേശു പറഞ്ഞ ഈ വാക്കുകളിൽക്കൂടിയും വെളിപ്പെടുന്നുണ്ട്: "ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും". യേശുവും മാനസാന്തരപ്പെട്ട ആ കള്ളനും ആ ദിവസം തന്നെ പറുദീസയിലേക്കു പ്രവേശിച്ചു.

യേശു മൂന്നു ദിവസത്തിനുശേഷം മരണത്തിൽനിന്നു മടങ്ങിവന്നതിനാൽ യേശുവിന്റെ ഈ വാക്കുകൾ അന്വർത്ഥമായിരിക്കുന്നു. മരണത്തെയും മരണാനന്തരജീവിതത്തെയും പറ്റി യേശു പറഞ്ഞത് ആക്ഷരികമായിത്തന്നെ സത്യമാണെന്നുള്ളതിന് ഏറ്റവും വ്യക്തമായ തെളിവ് അതാണ്. ഈ ജീവിതത്തെക്കാൾ കൂടുതൽ പ്രധാനമായ ഒരു മരണാനന്തരജീവിതമുണ്ടെന്ന് ഓർത്തുകൊള്ളുക.

**2 ദൈവം വിശുദ്ധനാണ്**

ക്രിസ്തുവിന്റെ മരണത്തിൽനിന്നു നാം പഠിക്കുന്ന രണ്ടാമതൊരു സത്യം ദൈവം അപരിമേയവും സമ്പൂർണ്ണവുമായവിധം വിശുദ്ധനാണെന്നും അവിടുത്തേക്കു പാപത്തെ സഹിപ്പാൻ കഴിയുകയില്ലെന്നും ഉള്ളതാണ്. ക്രൂശിന്മേൽ വച്ചു ലോകത്തിന്റെ പാപം പാപരഹിതനായ ദൈവപുത്രന്റെമേൽ ചുമത്തപ്പെട്ടപ്പോൾ ദൈവം തന്റെ മുഖം യേശുവിൽനിന്നു മാറ്റിക്കളഞ്ഞുവെന്നും അവിടുത്തെ കൈവിട്ടുവെന്നും നാം കാണുന്നു. എന്തെന്നാൽ ദൈവത്തിനു പാപത്തെ നോക്കുക സാധ്യമല്ല. ബൈബിൾ പറയുന്നതുപോലെ ദോഷം കണ്ടുകൂടാതവണ്ണം നിർമ്മലദൃഷ്ടിയുള്ളവനാണ് ദൈവം (ഹബ. 1:13). ദൈവത്തിന്റെ പ്രിയപുത്രൻ ലോകത്തിന്റെ പാപം വഹിച്ചപ്പോൾ ദൈവികന്യായവിധി അവിടുത്തെമേൽ പതിച്ചു. ദൈവത്തിന്റെ സ്നേഹം പാപത്തെ അവഗണിക്കുവാൻ അവിടുത്തെ അനുവദിക്കുന്നില്ല. ദൈവത്തിന്റെ ദൃഷ്ടിയിൽ പാപം എത്ര ഭയാനകമണെന്നുള്ള കാര്യം ഇതു നമ്മെ പഠിപ്പിക്കുന്നു. ദൈവം നിങ്ങളെ ഏറ്റവുമധികം സ്നേഹിക്കുന്നുണ്ടായിരിക്കാം. എങ്കിലും നിങ്ങളുടെ ജീവിതത്തിൽ പാപമുണ്ടെങ്കിൽ താൻ കാൽവറി ക്രൂശിൽ കൈവിട്ടതുപോലെതന്നെ തീർച്ചയായും അവിടുന്നു നിങ്ങളെയും കൈവിട്ടുകളയും. ദൈവം തങ്ങളെ സ്നേഹിക്കുകമൂലം തങ്ങളുടെ ജീവിതത്തിലുള്ള പാപത്തെ കണക്കാക്കാതെ വിഗണിച്ചുകളയുമെന്നു പലരും ചിന്തിക്കുന്നു. എന്നാൽ പാപം – അതാരിൽ കാണപ്പെട്ടാലും ശരി – പാപം തന്നെയാണെന്നുള്ള കാര്യം നാം ഒരിക്കലും മറക്കരുത്.

ദൈവം ദഹിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു അഗ്നി പോലെയാണ്. തങ്ങളുടെ ജീവിതത്തിൽ പാപമുള്ളവർ അവനാൽ ദഹിക്കപ്പെടും. നാം നമ്മുടെ ജീവിതത്തിന്റെ കണക്കു ബോധിപ്പിക്കുവാൻ ദൈവമുമ്പാകെ നിൽക്കേണ്ടിവരുന്ന ദിവസത്തിൽ നമ്മുടെ ദൃഷ്ടിയിൽ നാം മറ്റുള്ളവരെക്കാൾ മെച്ചമാണെന്ന വസ്തുതയ്ക്കു യാതൊരു വിലയും ഉണ്ടാവുകയില്ല. കുഷ്ഠം, ക്യാൻസർ, ഭ്രാന്ത് എന്നിവയെക്കാൾ മോശവും ഭീകരവുമായ ഒന്നാണ് പാപം. അതു നമ്മെ നിത്യമായിത്തന്നെ നശിപ്പിക്കുവാൻ പര്യാപ്തമാണ്.

**3 ദൈവം സ്നേഹമാണ്**

ക്രിസ്തുവിന്റെ മരണത്തിൽനിന്നു നാം പഠിക്കുന്ന മൂന്നാമത്തെ വസ്തുത ദൈവം അപ്രമേയമായ

വിധം സ്നേഹിക്കുന്നവനാണ് എന്നതത്രേ. ദൈവത്തിന്റെ സ്നേഹം അവിടുന്നു നമ്മോടു സംസാരിക്കുന്ന ദയാപൂർണ്ണമായ വാക്കുകളിലോ നമ്മോടു കാണിക്കുന്ന കാരുണ്യത്തിലോ അല്ല, പിന്നെയോ നമ്മുടെ പാപ ങ്ങളിൽ നിന്നു നമ്മെ രക്ഷിക്കുവാനായി തന്റെ പുത്രനെ നമുക്കുവേണ്ടി മരിക്കുവാൻ അവിടുന്നു നൽകിയതി നാലാണു നാം കാണുന്നത്. ഒരു മനുഷ്യൻ തന്റെ ജീവനെ മറ്റൊരാൾക്കുവേണ്ടി വച്ചുകൊടുക്കുന്നതിനെ ക്കാൾ കൂടുതൽ മഹത്തരമായ ഒരു സ്നേഹപ്രകടനം ഈ ഭൂമിയിൽ ഇല്ല.

യേശുക്രിസ്തു നമ്മെ സ്നേഹിച്ചു നമ്മുടെ പാപത്തിന്റെ ന്യായവിധി തന്റെ മേൽ ഏറ്റെടുത്തു നമ്മെ രക്ഷിക്കുവാൻ ആഗ്രഹിച്ചതുകൊണ്ടു മാത്രമാണ് ക്രൂശുമരണത്തിന്റെ അതിവേദനയ്ക്കായി തന്നെത്താൻ ഏല്പിച്ചുകൊടുത്തത്. ശാരീരകമായും മാനസികമായും വൈകാരികമായും അവിടുന്നു വേദന സഹിച്ചു. എല്ലാറ്റിനുമുപരി തന്റെ സ്വർഗ്ഗസ്ഥപിതാവിനാൽ താൻ കൈവിട്ടപ്പോൾ അവിടുന്ന് ആത്മീയമായി അതിവേ ദന അനുഭവിച്ചു.

ദൈവപുത്രൻ ക്രൂശിൽ അനുഭവിച്ച ആ വേദന മുഴുവൻ ദൈവം മനുഷ്യനെ എത്രയധികം സ്നേഹി ക്കുകയും വിലപ്പെട്ടവനായിക്കരുതുകയും ചെയ്യുന്നുവെന്നതിന്റെ തെളിവാണ്. ഈ ലോകത്തിൽ മനുഷ്യൻ വിലകുറഞ്ഞവനാണ്. എന്നാൽ നിങ്ങളുടെ യഥാർത്ഥ വിലയെന്തന്നറിയുവാൻ നിങ്ങളാഗ്രഹിക്കുന്നവെങ്കിൽ ദൈവപുത്രനായ യേശു നിങ്ങൾക്കായി ജീവൻ വച്ച ക്രൂശിലേക്കു നിങ്ങൾ നോക്കേണ്ടിയിരിക്കുന്നു. ദൈവം എത്രയധികം നിങ്ങളെ സ്നേഹിക്കുന്നുവെന്ന് അതു വ്യക്തമാക്കുന്നു.

ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹത്തെ ഒരമ്മയ്ക്കു തന്റെ കുഞ്ഞിനോടുള്ള സ്നേഹത്തോടു ബൈബിൾ ഉപമിക്കുന്നു. ഒരമ്മ തന്റെ ശിശുവിന്റെ ഏതൊരു രോഗവും തന്നിലേക്ക് ഏറ്റെടുത്ത് തന്റെ കുട്ടിയെ സ്വതന്ത്രനാക്കുവാനാഗ്രഹിക്കുന്നതുപോലെ മനുഷ്യൻ തന്റെ പാപത്തിന്റെ ശിക്ഷയിൽനിന്നു സ്വതന്ത്രനാകു ന്നതിനുവേണ്ടി ദൈവം ആ ശിക്ഷ തന്റെമേൽ ഏറ്റെടുത്തു.

ദൈവത്തിന്റെ സമ്പൂർണ്ണവിശുദ്ധിയും സമ്പൂർണ്ണസ്നേഹവും ക്രൂശിൽ സമ്മേളിക്കുന്നു. പാപത്തിന്റെ ശിക്ഷയായ ആത്മമരണത്താൽ മനുഷ്യൻ ശിക്ഷിക്കപ്പെടണമെന്ന് അവിടുത്തെ സമ്പൂർണ്ണവിശുദ്ധി ആവശ്യ പ്പെടുന്നു. അവിടുത്തെ സമ്പൂർണ്ണസ്നേഹമാകട്ടെ, മനുഷ്യന്റെ സ്ഥാനം ഏറ്റെടുത്തിട്ട് ആ മരണത്തെ തന്റെ മേൽ വഹിക്കുന്നു.

### 4 രക്ഷയ്ക്കായി മറ്റൊരു മാർഗ്ഗവും ഇല്ല

ക്രിസ്തുവിന്റെ മരണത്തിലൂടെ സ്ഫടികസ്ഫുടമായിത്തീരുന്ന മറ്റൊരു വസ്തുത ഇതാണ്. മനു ഷ്യന്റെ രക്ഷയ്ക്കായി മറ്റു യാതൊരു മാർഗ്ഗവും ഇല്ല.

രക്ഷയ്ക്കു മറ്റേതെങ്കിലും മാർഗ്ഗം സാധ്യമായിരുന്നെങ്കിൽ ദൈവം ആ മാർഗ്ഗം സ്വീകരിക്കുകയും തന്റെ പ്രിയപുത്രൻ അത്രയധികം കഷ്ടത സഹിക്കുവാൻ അനുവദിക്കാതിരിക്കുകയും ചെയ്യുമായിരുന്നു. ഒരു നല്ല ജീവിതം ജീവിക്കുന്നതുകൊണ്ടുമാത്രം നമുക്കു സ്വർഗ്ഗത്തിൽ ദൈവസന്നിധിയിൽ എത്തിച്ചേരാൻ സാധിക്കു മായിരുന്നെങ്കിൽ തന്റെ പുത്രൻ അനാവശ്യമായി ക്രൂശിന്റെ വേദന സഹിപ്പാൻ ഇടയാക്കിയതു ദൈവത്തിന്റെ ഭാഗത്ത് ഒരു ബുദ്ധിഹീനതയായിത്തീരുമായിരുന്നു.

നാം ദൈവത്തെക്കാൾ ജ്ഞാനികളല്ല. അന്തമറ്റ വിശുദ്ധിയുടെയും സമ്പൂർണ്ണനീതിയുടെയും അവകാ ശവാദങ്ങളെ ഒത്തുതീർപ്പിനു വിധേയമാക്കാതെ മനുഷ്യനെ അവന്റെ ദുർഗ്ഗതിയിൽനിന്നു വിടുവിക്കാൻ ദൈവ ത്തിന്റെ അന്തമറ്റജ്ഞാനത്തിന് ഒരൊറ്റ മാർഗ്ഗം മാത്രമേ കണ്ടെത്തുവാൻ കഴിഞ്ഞുള്ളു. ആ മാർഗ്ഗം അനന്ത മായ കഷ്ടതയനുഭവിക്കുവാൻ ഇടയാക്കുന്നതായിട്ടുപോലും ദൈവത്തിന്റെ അനന്തസ്നേഹം ആ വഴിയിൽക്കൂ ടിപ്പോകുവാൻ മനസ്സുവയ്ക്കുകയാണ് ഉണ്ടായത്.

മനുഷ്യരക്ഷയ്ക്കു മറ്റൊരു മാർഗ്ഗമുണ്ടാകാമെന്നു സങ്കല്പിക്കുന്നത് ദൈവത്തെക്കാൾ ജ്ഞാനികളാ യി നമ്മെത്തന്നെ കരുതുകയാണ്. മനുഷ്യചിന്തയുടെ അതിരുകടന്ന ഭോഷത്തം വെളിവാക്കുന്ന ഒരു മനോ ഭാവമാണത്.

ക്രിസ്തുവിന്റെ മരണം നമ്മെ ഏതു കാര്യം പഠിപ്പിക്കുന്നുവെന്നു നാം മനസ്സിലാക്കിയിട്ടുണ്ടോ? ഉണ്ടെ ങ്കിൽ നമ്മിൽനിന്നു പര്യാപ്തമായ ഒരൊറ്റ പ്രതികരണമേ ഉണ്ടാകുവാനിടയുള്ളു. കാലത്തിലും നിത്യത യിലും നമ്മുടെ ജീവിതം യേശുക്രിസ്തുവിനു കീഴ്പ്പെടുത്തിക്കൊടുക്കുക എന്നതാണ്. ഇതിനു ബുദ്ധിപര മായ ഒരു സമ്മതം മാത്രം നൽകുന്നത് അർത്ഥശൂന്യമാണ്. നമ്മുടെ ഇച്ഛാശക്തിയിൽനിന്നുള്ള പ്രതികരണം അഥവാ സമ്മതമാണ് ദൈവം നമ്മിൽനിന്ന് ആഗ്രഹിക്കുന്നത്.

# അധ്യായം എട്ട്
# ഏറ്റവും അദ്ഭുതാവഹമായ സത്യം

ഒരു മരുഭൂമയിൽക്കൂടി യാത്രചെയ്യുമ്പോൾ ദാഹാർത്തരായി മരണത്തെ സമീപിക്കുന്ന മനുഷ്യരെപ്പോ ലെയാണു നാമെല്ലാവരും. യാത്രക്കാരിലാരെങ്കിലുമൊരാൾ വെള്ളം കണ്ടെത്തിയാൽ അയാൾ തീർച്ചയായും അക്കാര്യം മറ്റുള്ളവരെ അറിയിക്കുവാൻ ആഗ്രഹിക്കും. വെള്ളം കുടിക്കണമെന്ന് അവരെ നിർബന്ധിക്കു വാൻ അയാൾക്കു സാധ്യമല്ല. എങ്കിലും വെള്ളത്തിന്റെ ഉറവ അവർക്കു ചൂണ്ടിക്കാണിക്കുവാൻ അയാൾക്കു കഴിയും. നാമും അതുതന്നെയാണു ചെയ്യുന്നത്. നിത്യജീവൻ എവിടെ ലഭ്യമാണെന്ന് അതിനായി ആഗ്രഹി ക്കുന്ന എല്ലാവർക്കും കാണിച്ചുകൊടുക്കുക എന്നതു തന്നെ.

ഏറ്റവും വലിയ പാപിക്ക് അയാൾ ജാഗ്രതയോടെ ദൈവത്തെ അന്വേഷിക്കുന്നുവെങ്കിൽ ഒരൊറ്റ നിമിഷം കൊണ്ട് ഒരു ദൈവപുത്രനായിത്തീരാൻ കഴിയും എന്നതാണ് ലോകത്തിലെ ഏറ്റവും അദ്ഭുതാവഹമായ സത്യം.

ഒരു രാത്രി നിങ്ങൾ റോഡിൽക്കൂടി നടക്കുമ്പോൾ ഒരഞ്ചുപൈസാ നാണയം കൈയിൽനിന്നു വീണു പോയാൽ അതു കണ്ടെത്തുവാൻ നിങ്ങൾ എത്രസമയം ചെലവഴിക്കും? ഒരുപക്ഷേ ഒരു മിനിറ്റുപോലും ചെലവാക്കുകയില്ല. എന്നാൽ നൂറുരൂപാ നോട്ടുകളുടെ ഒരു കെട്ട് നിങ്ങൾ എവിടെയോ വച്ചിട്ടു കാണാതെയായാൽ അതിനുവേണ്ടി എത്ര നേരം അന്വേഷിക്കും? അതു കണ്ടെത്തുന്നതുവരെയും നിങ്ങൾ അന്വേഷിക്കും. ഒട്ടധികം ആളുകൾ ദൈവത്തെ ഒരഞ്ചുപൈസാ നാണയം പോലെ മാത്രമാണു കരുതുന്നത്. അവർ അവിടുത്തെ കണ്ടെത്താതെ പോകുന്നതിൽ അദ്ഭുതത്തിനവകാശമില്ല. അവിടുന്ന് അതിനെക്കാളെല്ലാം എത്രയോ വിലപ്പെട്ടവനാണ്! ഒരു പെട്ടി നിറയെ അടുക്കിവച്ചിരിക്കുന്ന നൂറുരൂപാ നോട്ടുകളെക്കാൾ – അവയോടുള്ള താരതമ്യം ശരിയെങ്കിൽ – എത്രയോ അധികം വിലയേറിയവനാണു ദൈവം!

ദൈവം ആഗ്രഹിക്കുന്നതു യന്ത്രമനുഷ്യരെയല്ല; അവിടുത്തേക്കാവശ്യം പുത്രന്മാരെയാണ്. അതുകൊണ്ടാണ് അവിടുന്ന് നമുക്കെല്ലാം സ്വതന്ത്രമായ ഒരിച്ഛാശക്തി നൽകിയിട്ടുള്ളത്. അവിടുത്തെ അനുസരിക്കാനോ അനുസരിക്കാതിരിപ്പാനോ നമുക്കു കഴിയും. ദൈവത്തോട് അനുസരണക്കേടു കാട്ടുവാൻ സ്വാതന്ത്ര്യമുള്ള ഈ ഇച്ഛാശക്തി ഉപയോഗിച്ചിട്ടാണു നാമെല്ലാം വഴിതെറ്റിപ്പോയിട്ടുള്ളത്. പാപം നമ്മുടെ ജീവിതത്തെ മാത്രമല്ല നശിപ്പിച്ചിട്ടുള്ളത്. അതു നമ്മുടെ കുടുംബങ്ങളെയും നശിപ്പിച്ചിരിക്കുന്നു. അത് ഈ ലോകത്തിൽ നമ്മെ ദുരിതപൂർണ്ണരാക്കിതീർത്തിരിക്കുന്നു. അന്തിമമായി അതു നമ്മെ നിത്യനരകത്തിലെത്തിക്കയും ചെയ്യും.

എന്നാൽ ഇപ്പോൾ നമ്മുടെ കഴിഞ്ഞ കാലത്തെ എല്ലാ പാപങ്ങൾക്കും യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിലൂടെ സമ്പൂർണ്ണവും സൗജന്യവുമായ ക്ഷമ നൽകുവാനായി ദൈവം നമ്മെ മാനസാന്തരത്തിലേക്കു ക്ഷണിക്കുന്നു. മാനസാന്തരമെന്നാൽ പാപപങ്കിലമായ ജീവിതമാർഗ്ഗം വിട്ടു ദൈവത്തിങ്കലേക്കു തിരിയുക എന്നാണർത്ഥം.

ഇതു ചെയ്യുവാൻ ദൈവത്തിനു നമ്മെ നിർബന്ധിക്കാമായിരുന്നു. ഓരോ പ്രാവശ്യവും നാം പാപം ചെയ്യുമ്പോൾ അവിടുന്നു നമുക്കു രോഗം വരുത്തുകയും അന്തിമമയി നാം ദൈവത്തെ അനുസരിക്കുവാൻ നിർബന്ധിതരായിത്തീരുമാറു നമ്മോട് ഇടപെടുകയും ചെയ്യാമായിരുന്നു. അങ്ങനെയെങ്കിൽ നാം മക്കളായിട്ടല്ല, യന്ത്രമനുഷ്യരോ അടിമകളോ മാത്രമായിട്ടു മാറിപ്പോകുമായിരുന്നു. തന്മൂലം അവിടുന്ന് അപ്രകാരം ചെയ്യുന്നില്ല. നമ്മുടെ സ്വന്തം തെരഞ്ഞെടുപ്പു മുഖേന നാം പാപത്തെ വിട്ടുതിരിയുവാനായി അവിടുന്നു കാത്തിരിക്കുന്നു.

ഇപ്പോൾ നിങ്ങൾ ആ തീരുമാനം എടുക്കുക. അങ്ങനെയെങ്കിൽ ഒരു നിമിഷം കൊണ്ടു നിങ്ങൾക്ക് ഒരു ദൈവപുത്രനായിത്തീരാൻ കഴിയും. നിങ്ങൾ അതു മനസ്സിലാക്കുന്നില്ലെങ്കിൽത്തന്നെയും ഇത് ഒരു ജീവന്മരണപ്രശ്നമാണ്.

ഇപ്പോൾ നിങ്ങൾ ദൈവത്തോട് ഇപ്രകാരം പ്രാർത്ഥിക്കുമോ?...

"കർത്താവായ യേശുവേ, ഞാൻ ശിക്ഷാവിധിക്കു യോഗ്യനായ ഒരു പാപിയാണെന്നു ഞാൻ സമ്മതിക്കുന്നു. അങ്ങ് എന്റെ ശിക്ഷാവിധി അങ്ങയുടെമേൽ ഏറ്റെടുത്ത് എന്റെ പാപങ്ങൾക്കുവേണ്ടി മരിക്കയും മരണാനന്തരം ജീവനുള്ളവനായി കല്ലറയിൽനിന്നു പുറത്തുവരികയും ചെയ്തതിനാൽ ഞാൻ അങ്ങയെ നന്ദിയോടെ സ്തുതിക്കുന്നു. എന്റെ പാപമയമായ ജീവിതം ഉപേക്ഷിക്കുവാൻ ഞാൻ യഥാർത്ഥമായി ആഗ്രഹിക്കുന്നു. കർത്താവായ യേശുവേ, എന്റെ ഹൃദയത്തിലേക്കു വരണമേ. എന്നെ ശുദ്ധനാക്കിത്തീർത്ത് ഇന്നുമുതൽ ഒരു പുതിയ ജീവിതം ആരംഭിക്കുവാൻ എന്നെ സഹായിക്കണമേ. എന്റെ ശേഷിച്ച ജീവിതകാലം മുഴുവൻ അവിടുത്തെ മഹത്വത്തിനായി ജീവിക്കുവാൻ അങ്ങയുടെ ശക്തി എനിക്കു തരേണമേ. എന്റെ പ്രാർത്ഥന കേട്ടതിനായി ഞാൻ അങ്ങയെ സ്തുതിക്കുന്നു".

ഇതു നിങ്ങളുടെ ജീവിതത്തിൽ എന്നെങ്കിലും നിങ്ങൾ എടുത്തിട്ടുള്ളതിൽ വച്ച് ഏറ്റവും പ്രധാനമായ തീരുമാനമായിരിക്കും.

ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

## അനുബന്ധം

## പരിണാമത്തെ സംബന്ധിച്ച അദ്ഭുതസത്യങ്ങൾ

1859-ൽ ചാൾസ് ഡാർവിൻ ജീവിവർഗ്ഗങ്ങളുടെ ഉദ്ഭവം (Origin of species) എന്ന ഗ്രന്ഥം എഴുതി. അതിനുശേഷം 1871-ൽ മനുഷ്യോൽപത്തി (Descent of man) എന്ന ഗ്രന്ഥവും പ്രസിദ്ധീകരിച്ചു. മനുഷ്യൻ ചിമ്പൻസിക്കുരങ്ങിൽനിന്നു പരിണാമം പ്രാപിച്ചുണ്ടായതാണെന്നുള്ള തന്റെ സാങ്കല്പികസിദ്ധാന്തം (hypothesis) ഈ രണ്ടാമതു പറഞ്ഞ പുസ്തകത്തിലാണ് ആദ്ദേഹം അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ ഈ ഗ്രന്ഥത്തിൽ – "നമുക്കു വേണമെങ്കിൽ സങ്കല്പിക്കാം" (We may well suppose) എന്ന അനിശ്ചിതത്വസൂചകമായ പദപ്രയോഗം എണ്ണൂറിലധികം പ്രാവശ്യം ആവർത്തിച്ചിട്ടുണ്ട്. ഡാർവിന് ഈ സിദ്ധാന്തത്തിന്റെ സാധുതയെപ്പറ്റി തീർച്ചയുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ തെളിയിക്കപ്പെടാത്ത സാങ്കല്പികസിദ്ധാന്തം സ്വീകരിച്ചിട്ടുള്ള ആളുകളിൽനിന്നു വ്യത്യസ്തമായി തന്റെ നിശ്ചയമില്ലായ്മ അദ്ദേഹം വ്യക്തമായി എടുത്തു പറഞ്ഞിട്ടുണ്ട്.

അതു സമ്മതിക്കുവാൻ തക്കവണ്ണമുള്ള സത്യസന്ധത അദ്ദേഹം പുലർത്തുകയും ചെയ്തിരുന്നു.

ഒരിടത്തു കാണപ്പെട്ട ഒരു പന്നിയുടെ പല്ലോ മറ്റൊരിടത്തു കണ്ടെത്തിയ കുരങ്ങിന്റെ തലയോട്ടിയോ മനുഷ്യവർഗ്ഗപൂർവികരുടെ അവശിഷ്ടങ്ങളാണെന്നവകാശപ്പെട്ടുകൊണ്ട് അനേകം വഞ്ചകന്മാർ എളുപ്പത്തിൽ കബളിക്കപ്പെടാവുന്ന ബഹുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുവാനുള്ള ഒട്ടധികം തട്ടിപ്പുകൾ പ്രയോഗിച്ചിട്ടുണ്ട്. എന്നാൽ ഈ തട്ടിപ്പുകളെല്ലാം പിൽക്കാലത്ത് അസത്യമെന്നു തെളിയുകയും ചെയ്തു. 'പിൽറ്റ് ഡൗൺ മനുഷ്യനും' 'നെബ്രാസ്കാ മനുഷ്യ'നുമെല്ലാം ഇതിനു ദൃഷ്ടാന്തങ്ങളാണ്. അവശിഷ്ടങ്ങളുടെ പഴക്കം നിർണ്ണയിക്കുവാൻ പ്രയോഗിച്ചുപോന്ന കാർബൺ-14 മാർഗ്ഗം എന്ന പരീക്ഷണം പോലും അനിശ്ചിതവും തെറ്റിപ്പോകുവാൻ വളരെ സാധ്യതയുള്ളതുമാണ്. ഇതിനുള്ള വ്യക്തമായ തെളിവ് എടുത്തുകാണിക്കാം. ഒരിക്കൽ ജീവനുള്ള ഒരു നത്തക്കക്കയെ കാർബൺ-14 മാർഗ്ഗത്തിലൂടെ പരീക്ഷിച്ചപ്പോൾ 3000 വർഷങ്ങൾക്കുമുമ്പ് മരിച്ചുകഴിഞ്ഞതാണത് എന്ന ഫലമാണ് പരീക്ഷണത്തിലൂടെ പുറത്തുവന്നത്! മനുഷ്യാസ്ഥികളുടെ പഴക്കം 'കൃത്യമായി' നിർണ്ണയിക്കുന്ന പരീക്ഷണങ്ങളുടെ കഥ ഇത്തരത്തിലാണ്.

ഈ ലോകത്തിൽ പത്തുലക്ഷത്തിലധികം വ്യത്യസ്തങ്ങളായ ജന്തുവർഗ്ഗങ്ങൾ ഉണ്ട്. എന്നാൽ ഈ ജന്തുക്കളിൽ ഏതെങ്കിലുമൊരു വർഗ്ഗം അതിന്റെ അടുത്ത ഘട്ടത്തിലുള്ള മറ്റൊരു വർഗ്ഗമായി പരിണാമം പ്രാപിക്കുന്നതിന്റെ സൂചനയായ ഒരിടത്തട്ടുജീവിയെ ശാസ്ത്രജ്ഞന്മാർ ഇന്നുവരെയും കണ്ടെത്തിയിട്ടില്ല. പരിണാമവാദമെന്ന സാങ്കല്പികസിദ്ധാന്തത്തെ ഒരു ചങ്ങലയായിക്കരുതിയാൽ അതിലെ ഈ നഷ്ടപ്പെട്ട കണ്ണിയാണ് ആ ചങ്ങല മുറിഞ്ഞുപോകുവാൻ എന്നും ഇടവരുത്തിയിട്ടുള്ളത്. ഇങ്ങനെ ഏറ്റവും പ്രധാനപ്പെട്ട കണ്ണി തന്നെ നഷ്ടപ്പെട്ടുപോയ ഈ ചങ്ങലയിൽ പിടിച്ചുതൂങ്ങി ധാരാളം കോളേജ് വിദ്യാർത്ഥികൾ തങ്ങളുടെ വിലയേറിയ ജീവിതം അപകടത്തിലാക്കുന്നുണ്ട്. തങ്ങൾ ആഴത്തിലേക്കു മുങ്ങിപ്പോകുന്ന വസ്തുത അവർ മനസ്സിലാക്കുന്നില്ല.

ശാസ്ത്രജ്ഞന്മാരല്ലാത്ത സാധാരണക്കാർക്കുകൂടി മനസ്സിലാക്കാവുന്ന ഒരു ലളിതമായ വസ്തുത എടുത്തു കാണിക്കാം. ശാരീരികജീവൻ നിലവിൽ വരുവാനാവശ്യമായ അടിസ്ഥാനവസ്തുക്കൾ ആമിനോ ആസിഡുകളാണ്. ഈ ആസിഡുകൾ മുഖേന നടത്തിയിട്ടുള്ള ഗവേഷണങ്ങൾ പരിണാമസിദ്ധാന്തത്തിന്റെ അസാധ്യതയെ അധികധികം സ്പഷ്ടമായി തെളിയിച്ചിട്ടുണ്ട്. അമിനോ ആസിഡുകളുടെ ഏകദേശം 6 x 1058 തരത്തിലുള്ള വ്യത്യസ്ത സങ്കലനങ്ങൾ ഉള്ളതായി ഇപ്പോൾ കണക്കാക്കപ്പെട്ടിരിക്കുന്നു. മനുഷ്യൻ, മൃഗങ്ങൾ, മത്സ്യങ്ങൾ, പക്ഷികൾ എന്നിവയിലും ജീവനുള്ള കോശസംയുക്തങ്ങൾ (tissues), അസ്ഥി, ത്വക്ക്, കൊഴുപ്പ്, മാംസം, തലമുടി എന്നിവയുടെ രൂപത്തിലാണു കാണപ്പെടുന്നത്. എന്നാലും ഓരോ പ്രത്യേക ഇനം റ്റിഷ്യൂവും രക്തത്തിൽനിന്ന് അതിനു പ്രത്യേകമായുള്ള അമിനോ ആസിഡുകളെയല്ലാതെ മറ്റൊന്നിനെ ഒരിക്കലും സ്വീകരിക്കുന്നില്ലെന്ന വസ്തുത തെളിയിക്കപ്പെട്ടിട്ടുണ്ട്. ഓരോ റ്റിഷ്യൂവും ബൈബിൾ പറയുന്നതുപോലെ അതതിന്റെ ഇനത്തെ മാത്രമേ ഉൽപാദിപ്പിക്കുന്നുള്ളു. മനുഷ്യജഡത്തിനു മനുഷ്യജഡത്തെയും ശ്വാനജഡത്തിനു ശ്വാനജഡത്തെയും മാത്രമേ ഉൽപാദിപ്പിക്കുവാൻ കഴിയൂ. ഈ കാരണത്താൽ ഇന്നു പരിണാമസിദ്ധാന്തത്തിൽ മുൻവിധിയോടെ താൽപര്യം കാണിക്കുന്ന പണ്ഡിതന്മാർ മാത്രമല്ലാതെ മറ്റാരും ആ സിദ്ധാന്തത്തെ ശരിയെന്ന് അംഗീകരിക്കുന്നില്ല.

സത്യം പറഞ്ഞാൽ ശാസ്ത്രം തന്നെയാണ് ഇന്നു പരിണാമവിധേയമായിക്കൊണ്ടിരിക്കുന്നത്. പഴയ ഗ്രന്ഥങ്ങൾ പലതും ഇന്നു തിരുത്തിയെഴുതപ്പെടുന്നു. തെളിയിക്കപ്പെട്ടതെന്നു മുൻതലമുറകൾ കരുതിയിരുന്ന പല സിദ്ധാന്തങ്ങളും ഇന്നു പുറന്തള്ളപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

സഹസ്രാബ്ദങ്ങൾക്കുമുമ്പ് എഴുതപ്പെട്ട ബൈബിളിൽ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചതായി പ്രസ്താവിച്ചിരിക്കുന്നു. ആ സത്യത്തിനു യാതൊരു പരിണാമവും സംഭവിച്ചിട്ടില്ല. ആ സത്യം ഒരിക്കലും മാറുന്നില്ല. അത് ഒരുനാളും തിരുത്തിയെഴുതേണ്ട ആവശ്യവുമില്ല.

## ഗ്രന്ഥകാരന്റെ ഇതര കൃതികൾ

1 ഇളകാത്ത അടിസ്ഥാനം (A good foundation)
2 ദൈവഹിതപ്രകാരമുള്ള പ്രാർത്ഥന (എങ്ങനെ പ്രാർത്ഥിക്കണം?) (God-centred praying)
3 അദ്ഭുതസത്യങ്ങൾ (Amazing facts)
4 സമ്പൂർണ്ണ സുവിശേഷം (The full gospel)
5 ജയജീവിത രഹസ്യങ്ങൾ (Secrets of victory)
6 ക്രിസ്തുവും തന്റെ സഭയും (The Lord an His church)
7 ദൈവത്തിന്റെ അംഗീകാരം ശോധനകളിലൂടെ (Gaining God's approval)
8 പുതവീഞ്ഞ് പുതിയ തുരത്തിയിൽ (New wine in new wine skins)
9 സമ്പൂർണ്ണ ജീവിതം (ഗിരിപ്രഭാഷണം - ഒരു പഠനം) (Abundant life)
10 നിങ്ങളുടെ പ്രതിയോഗിയെ അറിയുക (Know your enemy)
11 ദൈവഹിതം കണ്ടെത്തുക (Finding God's will)
12 പുതിയനിയമത്തിലെ ദൈവഭൃത്യൻ (The new covenant servant)
13 സെക്സ്, പ്രേമം, വിവാഹം (Sex, love, marriage)
14 യേശു ജീവിച്ചതുപോലെ (Living as Jesus lived)
15 യഥാർത്ഥ സത്യം (The real truth)
16 വെണ്ണീറിൽനിന്നു ദിവ്യസൗന്ദര്യം (Beauty for ashes)
17 മുൻഗണന ഏതിന് (Supreme priorities)
18 ദൈവത്തിന് ആവശ്യമുള്ള മനുഷ്യർ (Needed - men of God)

ആവശ്യപ്പെടേണ്ട മേൽവിലാസം:

ക്രിസ്ത്യൻ അസംബ്ലി,
കുമാരനല്ലൂർ പി.ഒ.
കോട്ടയം 686 016.
കേരളം.

നിങ്ങൾ ഗ്രഹിച്ചിട്ടുണ്ടോ?

- ഭൂമിയോട് ഏറ്റവും അടുത്തുള്ള നക്ഷത്രം സൂര്യനെക്കാൾ 250000 മടങ്ങു ദൂരത്തിലാണു സ്ഥിതി ചെയ്യുന്നതെന്ന സത്യം?
- നിങ്ങളുടെ കണ്ണിൽ 13 കോടി ദണ്ഡുകളും 70 ലക്ഷം രേണുസൂചികളും ഉണ്ടെന്നുള്ള സത്യം?
- നിങ്ങളുടെ ശരീരത്തിൽ ഒരു ലക്ഷം കിലോമീറ്റർ നീളത്തിലുള്ള രക്തക്കുഴലുകൾ ഉണ്ടെന്നുള്ള സത്യം?
- ഈ അദ്ഭുതങ്ങളെ സൃഷ്ടിച്ച ദൈവുമായി ബന്ധപ്പെടുവാൻ നിങ്ങൾക്കു സാധ്യമാണെന്ന സത്യം?